# പ്രസന്നകേരളം

സി. ജെ. തോമസ്സ്

## പട്ടത്തിന്റെ രാജിപ്രശ്നം

### (ശ്രീ. സി. നാരായണപിള്ളയ്ക്കു് മറുപടി)

"അറിയഞ്ഞു ചിന്തിക്കുന്ന," "ഒരു മി. തോമസിന്റെ" "അന്തസ്സാരവിഹീനമായ വാദമുഖങ്ങൾ" "അവ അർഹിക്കുന്ന ജുഗുപ്സയോടുകൂടി" മി. സി നാരായണപിള്ള വായിച്ചു അതിന് എഴുതിയ മറുപടി അതർഹിക്കുന്ന ആദരവോടെ ഞാനും വായിച്ചു. ക്ഷമാപണം ചെയ്യുവാനുള്ള അദ്ദേഹത്തിന്റെ ആജ്ഞ, അദ്ദേഹത്തിന്റെ വാദഗതികൾ അതിനെ നീതീകരിക്കുന്നുണ്ടെങ്കിൽ, അനുസരിക്കാവുന്നതാണ്. അതിന് വളരെ ധൃതിപിടിക്കേണ്ടതില്ല. പക്ഷെ മലയാളഭാഷയിലെ ഒരു മികച്ച എഴുത്തുകാരനെ, രാഷ്ട്രീയ വാദപ്രതിവാദത്തിന് അനുയോജ്യമായ ശകാരവർഷത്തിലേക്ക് അധഃപതിപ്പിക്കുവാൻ മാത്രം ക്ഷോഭിപ്പിക്കത്തക്കതൊന്നും ഞാൻ പറഞ്ഞിട്ടുണ്ടെന്ന് എനിക്കു തോന്നുന്നില്ല. ശ്രീ നാരായണപിള്ളയുടെ വീരപുരുഷൻ എനിക്കും ആരാധ്യനാണ്. ശ്രീ നാരായണപിള്ളയ്ക്കു സംപൂജ്യനായ ഒരു നേതാവാണ്. അക്കാരണംകൊണ്ട് അവരിൽനിന്നു വിഭിന്നമായ രാഷ്ട്രീയാഭിപ്രായങ്ങൾ ഉണ്ടായിക്കൂടാ എന്ന് വിധിക്കുന്നതും, രാഷ്ട്രീയനയത്തെയും പ്രവർത്തനങ്ങളെയും വിമർശിക്കുന്നതിന് ക്ഷമാപണം ചെയ്യണമെന്ന് ആജ്ഞാപിക്കുന്നതും അൽപ്പം അതിരുകടന്നുപോകുന്നു. ഇന്ന്, തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസ്സിന്റെ പ്രവർത്തനം മന്ദീഭവിച്ചിരിക്കുന്നെന്നും അതു് കുറെക്കൂടി ജീവനോടുകൂടി പ്രവർത്തിക്കേണ്ടതാണെന്നും ശ്രീ നാരായണപിള്ളയും സമ്മതിക്കുമല്ലൊ. എന്നാൽ ഒരു സംഘടനയുടെ നയവും പ്രവർത്തനവ്യാപ്തിയും തമ്മിൽ ബന്ധമുണ്ടെന്നു മനസ്സിലാക്കാത്തവർക്ക് ഈ മാന്ദ്യത്തിന്റെ കാരണം കണ്ടുപിടിക്കുക സാധ്യമല്ല. ഇന്ന് കോൺഗ്രസ്സിന് എന്തെങ്കിലും നയം ഉണ്ടെങ്കിൽ, അതിൽ ഏതോ ചില വ്യതിയാനങ്ങൾ ഉണ്ടാകാതെ ഈ പ്രവർത്തന വിപുലീകരണം കഴിയുകയില്ല, എന്നതു് ഇന്നാട്ടിലെ പ്രവർത്തകരിൽ ഒരു വലിയ പങ്ക് അറിയുന്നുണ്ട്. പക്ഷെ ഒരു പുതിയ നയം വേണമെന്നു വാദിക്കുന്നതു്, ചില ബഹുമാന്യവ്യക്തികളെ വിമർശിക്കാൻ, ഇടയാക്കിയേക്കും, എന്നതുകൊണ്ട് എല്ലാവരും നിശ്ശബ്ദത പാലിക്കുന്നതാണ്. ആ സ്ഥിതിക്ക് "ഗുഹയിൽ കടന്നുചെന്ന് സിംഹത്തെ എതിർത്ത നേതാവിനെ പുകഴ്ത്തുന്ന ലേഖകൻ എന്നെ അഭിനന്ദിക്കുകയല്ലേ വേണ്ടതെന്ന് സംശയിക്കുന്നു. വാദത്തിനുവേണ്ടി എന്റെ അഭിപ്രായങ്ങളിൽ തെറ്റുണ്ടെന്ന് സമ്മതിച്ചാൽ പോലും ശ്രീ നാരായണ പിള്ളയുടെ മറുപടിയിൽ കാണുന്ന കോപത്തിനും ബഹളത്തിനും കാര്യമുണ്ടോ. ശാന്തമായി ഒരു രാഷ്ട്രീയ പ്രശ്നം പരിചിന്തനം ചെയ്യാനുള്ള ഈ കഴിവില്ലായ്മ, അഭിപ്രായഭിന്നത വ്യക്തിവിദ്വേഷമായി വ്യാഖ്യാനിക്കുന്ന സമ്പ്രദായം, സ്വന്തം നിലയുടെ ബലഹീനതയെ പ്രഖ്യാപനം ചെയ്യുന്നില്ലെങ്കിൽ തന്നെ ഭയങ്കരമായ ചിന്താകുഴപ്പത്തെ കാണിക്കുന്നുണ്ട്. അതിന് തെളിവ് ആവശ്യമാണെങ്കിൽ എന്റെ ലേഖനത്തിന് എന്നോട് മറുപടി പറയുന്നതിന് പകരം വെപ്രാളം പിടിച്ച് കമ്മ്യൂണിസ്റ്റുകാരെ പുലഭ്യം പറഞ്ഞിരിക്കുന്നതു നോക്കുക. അവരെപ്പററി അദ്ദേഹത്തിന് എത്ര അവജ്ഞയുണ്ടെങ്കിലും, കമ്മ്യൂണിസ്റ്റുപാർട്ടിയുടെ രാഷ്ട്രീയാഭിപ്രായങ്ങൾ ഉത്തരവാദിത്വമില്ലാതെ അന്യരെക്കൊണ്ട് പറയിക്കുക അവരുടെ പതിവല്ലെന്ന് അദ്ദേഹം ധരിച്ചിരിക്കേണ്ടതാണ്. പോരെങ്കിൽ ഈ വിഷയത്തെപ്പററി ശ്രീ. പി. ററി. പുന്നൂസിന്റെ "സർ. സി. പി. ക്കോ പരിവർത്തനം" എന്ന ലഘുലേഖ അദ്ദേഹം കണ്ടിട്ടുണ്ടായിരിക്കണം. അതും പോരെങ്കിൽ ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ, ശ്രീ നാരായണപിള്ളയുടെ ഒരു വാദത്തോട് ഞാനും പരിപൂർണ്ണമായി യോജിക്കുന്നുവെന്ന്. കമ്മ്യൂണിസ്റ്റുകാർ കോൺഗ്രസ്സിനകത്തു് തന്നെ നിന്ന് നേതൃത്വത്തെ നന്നാക്കുകയോ, മാറ്റുകയോ ചെയ്യേണ്ടതായിരുന്നുവെന്ന അഭിപ്രായക്കാരനാണ് ഞാൻ. അവരതു ചെയ്യാതെ രാജിവച്ചതു്, അന്യായമായ അപവാദഭീതിയിൽ നിന്നു അവർക്ക് രക്ഷകൊടുത്തിരിക്കാമെങ്കിലും ജനകീയ പ്രസ്ഥാനത്തിന് അതു് ക്ഷീണമുണ്ടാക്കിയെന്നാണ് അവരെപ്പററി എനിക്കുള്ള വിമർശനം. അതു നില്ക്കട്ടെ. അവരെപ്പററിയുള്ള വിമർശനങ്ങൾക്കു മറുപടി പറയുക അവരുടെ ജോലിയാണ്. ഇവിടെയൊന്ന് പറയാനുള്ളതു് സ്വന്താഭിപ്രായങ്ങൾക്ക് വിരുദ്ധമായി ചിന്തിക്കുന്നവരെ കേറി കമ്മ്യൂണിസ്റ്റെന്നു വിളിക്കുന്ന പതിവ് സാമ്രാജ്യത്വത്തിന്റെ തറവാട്ടിലെ രീതിയാണ്, അതും കുറെകാലം മുമ്പുവരെ മാത്രം. വ്യക്തിവിദ്വേഷമെന്ന പദം വളരെ തെററായ അർത്ഥത്തിൽ പ്രയോഗിക്കപ്പെടുന്നുണ്ട്. നിയമജ്ഞനായ ലേഖകനറിയാമായിരിക്കുമല്ലോ, വ്യക്തിവിദ്വേഷമാരോപിക്കുമ്പോൾ വാദിക്കും പ്രതിക്കും തമ്മിൽ വ്യക്തിപരമായ വിദ്വേഷം ഉണ്ടാകുവാനുള്ള കാര്യങ്ങളെന്താണെന്നു തെളിയിക്കേണ്ടതാണെന്ന്. തിരുവിതാംകൂർ സ്റ്റേററു കോൺഗ്രസ്സിന്റെ അധ്യക്ഷസ്ഥാനം അലങ്കരിക്കുന്ന ഒരു മാന്യദേഹത്തിനോട്, അദ്ദേഹം അറിയുകപോലുമില്ലാത്ത അഗണ്യനായ "ഒരു മി. തോമസ്സി"ന് എന്തു വ്യക്തിവിദ്വേഷമുണ്ടാകാനാണ്. പ്രത്യേകിച്ചും, രാഷ്ട്രീയാഭിപ്രായവ്യത്യാസം വ്യക്തിവിദ്വേഷമായി വ്യാഖ്യാനിക്കുന്ന രീതി സ്വയംഭരണാവശ്യം "വ്യക്തിപരമായ ആരോപണങ്ങ"ളാണെന്ന് പരാതിപ്പെടുന്ന സമ്പ്രദായവുമായി അസുഖകരമായ സാമ്യം വഹിക്കുന്നുവെന്ന് ശ്രീ നാരായണപിള്ളയെ വിനയപുരസ്സരം ഓർമ്മപ്പെടുത്തിക്കൊള്ളട്ടെ. ഇനി ശ്രീ നാരായണപിള്ളയുടെ ന്യായങ്ങൾ (സൂര്യപ്രകാശം കാണിക്കാൻ കൊള്ളാവുന്നവയും, വേവിക്കാത്തതും വെറും തൊഴിലാളികളല്ലാത്തവരുടെ ഇടയിൽ വിലപ്പോകുന്നതും) ഒന്നു പരിശോധിക്കാം

(ശേഷം 12-ാംപേജിൽ)

## വിഷയവിവരം

1. പട്ടത്തിന്റെ രാജിപ്രശ്നം സി. ജെ. തോമസ്സ്
2. നാട്ടുരാജ്യങ്ങളും സാമ്രാജ്യതന്ത്രവും— എം. എം. ചെറിയാൻ
3. ലുബ്ധന്റെ മുതൽ-തകഴി
4. നമ്മുടെസാഹിത്യത്തിന്റെ ഭാവി—കേ. ശവദേവ്
5. പുതിയ രണ്ടാംപാഠം ഹാസ്യലേഖനം-ഡി. സി.
6. ശിശുക്കളും സാമൂഹ്യാചാരങ്ങളും- അക്കാമ്മചെറിയാൻ
7. ഹൂവരുടെ പരാക്രമങ്ങൾ- വറുഗീസ് കളത്തിൽ
8. ബങ്കാളി ചിത്രങ്ങൾ- സുരേന്ദ്രൻ
9. നോവൽ പംക്തി

പ്രസന്നകേരളം
ദേശീയ വാരിക.
പുസ്തകം 18 ലക്കം 10
7—7—46.
വില—രണ്ടണ.

എം. എം. ചെറിയാൻ, ബോംബേ

# നാട്ടുരാജ്യങ്ങളും സാമ്രാജ്യതന്ത്രവും

## (കാഷ്മീറിന്റെ പാഠം)

### I

ഇന്ത്യാസെക്രട്ടറി ഉൾപ്പെട്ട ബ്രിട്ടീഷ് മന്ത്രിസഭയിലെ മൂന്നു പ്രമാണികൾ നമ്മുടെ നാട്ടിന്റെ ജനനേതാക്കളുമായി ഇന്ത്യയുടെ സ്വാതന്ത്ര്യത്തെപ്പററി കൂടിയാലോചനകൾ നടത്തിക്കൊണ്ടിരിക്കയായിരുന്നു. ഭാരതീയരുടെ അഭിമതപ്രകാരം പൂർണ്ണസ്വാതന്ത്ര്യം പ്രാപിക്കുന്നതിനു് ഇന്ത്യയ്ക്കുള്ള അവകാശത്തെപ്പററി നീണ്ടപ്രസ്താവനകൾ വൈസ്രോയി തുടങ്ങിയ അധികാരസ്ഥാനത്തുനിന്നും വമിച്ചുകൊണ്ടിരിക്കുന്നു. ഇന്ത്യയ്ക്കു് ഏതെങ്കിലും വിധത്തിൽ സ്വാതന്ത്ര്യം കൊടുത്തു മല്ലൊഴിഞ്ഞുപോയിസ്വസ്ഥതയെടുക്കുവാൻ ബ്രിട്ടീഷ് മേധാവികൾ വെമ്പുകയാണ് എന്നവർ നമ്മെ ധരിപ്പിക്കുവാൻ ശ്രമിക്കുന്നു. ഈ ഘട്ടത്തിൽ ഇന്ത്യയിലെ ഏററവും വലിയ ജനകീയസംഘടനയുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്നാട്ടുകാരുടെ ഏററവും ബഹുമാന്യനേതാവായ പണ്ഡിതജവഹരിലാൽ നെഹ്റുവിനെ അറുനൂറിൽ ഒന്നായ കാഷ്മീർരാജ്യത്തിലെ നാട്ടുരാജാവു പിടിച്ചു ജയിലിൽ അടയ്ക്കുന്നു. നെഹറുവിന്റെ പേർ അടുത്തു രൂപീകരിക്കുവാൻ ഉദ്ദേശിച്ചിരുന്ന ഇടക്കാലഗവർമ്മെൻറിൽ നിർദ്ദേശിക്കപ്പെട്ടിരുന്നു എന്നും ഓർക്കണം. ഇതെങ്ങിനെ സംഭവിച്ചു?

ഇന്ത്യയിലെ ജനങ്ങളിലേയ്ക്കു് അധികാരം കൈമാററം ചെയ്യുന്നതിനുള്ള ആലോചനകൾ നടന്നുകൊണ്ടിരിക്കുമ്പോൾ, നാട്ടുരാജാക്കന്മാരുടെ എല്ലാം മൂക്കുകയറു കയ്യിലുള്ള ഇന്ത്യാ സെക്രട്ടറിയുടെ മൂക്കിനു മുമ്പിൽവച്ചു സ്വാതന്ത്ര്യയിന്ത്യയുടെ ഭരണമേധാവികളിലൊരാളിനെ ഒരു ചെറിയ നാട്ടുരാജാവു് പിടിച്ചു് ഇരുമ്പഴിക്കുള്ളിൽ വെയ്ക്കാൻ എങ്ങിനെ ധൈര്യപ്പെട്ടു? ഇതു സംഭവിച്ചശേഷം വൈസ്രോയിയോ ഇന്ത്യാ സെക്രട്ടറിയോ എന്തു ചെയ്തു? കാഷ്മീർ രാജാവിന്റെ പ്രവൃത്തിയെ നിഷേധിക്കുകയോ താക്കീതുചെയ്യുകയോ ചെയ്തുവോ? നെഹറു വിമുക്തനായെങ്കിലും വൈസ്രോയി എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടില്ല പിന്നെയോ കോൺഗ്രസ്സിന്റെ ശിക്ഷണത്തെ അദ്ദേഹം അനുസരിച്ചതുകൊണ്ടാണ്. ബ്രിട്ടീഷ് ഗവർമ്മെന്റിന്റെയും പൊളിററിക്കൽ ഡിപ്പാർട്ടുമെന്റിന്റെയും അനുമതി കൂടാതെ നെഹറുവിനെ ഈ ഘട്ടത്തിൽ ഒരു പീറ നാട്ടുരാജാവ് അറസ്റ്റുചെയ്യാൻ ധൈര്യപ്പെട്ടുവെന്നു വിചാരിക്കുന്നതു് അബദ്ധമായിരിക്കും. ഈ സംഭവം നമ്മുടെ കണ്ണുകളെ തുറക്കണം. ഈ നയത്തിന്റെ പിന്നിലുള്ള സാമ്രാജ്യത്തിന്റെ കുതന്ത്രം നാം കാണണം ഇല്ലെങ്കിൽ നമുക്കു കാണുവാൻ നോക്കിയിരിക്കുന്ന സ്വാതന്ത്ര്യസൂര്യന്റെ ഉദയം അപകടത്തിലാണ്. ഈ തന്ത്രം എന്താണെന്നു നോക്കാം.

പണ്ഡിത നെഹറുവിനെ ഈ ഘട്ടത്തിൽ ഒരു നാട്ടുരാജാവ് അറസ്റ്റുചെയ്യുന്നതും അതിനെ ബ്രി. ഗവർമ്മെൻറു് ശരിവയ്ക്കുന്നതും എന്തുകൊണ്ടാണ് എന്നു മനസ്സിലാക്കണമെങ്കിൽ നാട്ടുരാജാക്കന്മാരെക്കൊണ്ടു് സാമ്രാജ്യത്വം എന്താശിക്കുന്നു എന്നറിയണം. ബ്രിട്ടീഷ് പ്രധാനമന്ത്രി ആററ്ലി ക്യാബിനററു് മിഷനെ ഇങ്ങോട്ടയക്കുന്നതിനു മുമ്പ് ഇന്ത്യക്കു സ്വാതന്ത്ര്യവും മറെറന്തെല്ലാം നമുക്കു വേണമോ—വാക്കുകൾക്കു അതെല്ലാം നൽകുവാൻ കഴിയുമെങ്കിൽ—അതെല്ലാം വാഗ്ദാനം ചെയ്തു. എന്നാൽ ഇതെല്ലാം തട്ടിപ്പും ഇന്ത്യയെ സാമ്രാജ്യത്തിൽ തന്നെ നിർത്തുവാൻ കൈക്കൊണ്ടിട്ടുള്ള പുതിയ അടവുമാണെന്നു് ആദ്യം ബ്രി.ഗവർമ്മെൻറിന്റെ ഉത്തമ വിശ്വാസത്തെ ചോദ്യം ചെയ്യരുതെന്നു് പറഞ്ഞവർപോലും മനസ്സിലാക്കി തുടങ്ങിയിരിക്കുന്നു. ഗാന്ധിജി പറയുന്നു "കഴിഞ്ഞ കുറെ ദിവസങ്ങളായി എന്റെ മനസ്സ് അവ്യക്തമായ സംശയങ്ങൾ കൊണ്ടു് നിറയപ്പെട്ടിരിക്കുകയാണ്. മുമ്പ് വെളിച്ചം കണ്ടടങ്ങളിൽ ഇപ്പോൾ ഇരുട്ടാണു കാണുന്നതു്."

ഭാവിഭാരതത്തിൽ ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ ശക്തി നിലനിർത്തണമെങ്കിൽ ജനാധിപത്യശക്തികൾക്കും, സ്വാതന്ത്ര്യപ്രസ്ഥാനങ്ങൾക്കും എതിരായി പിൻതിരിപ്പൻശക്തികളെ കൂട്ടുപിടിച്ചെങ്കിലെ സാധിക്കൂ എന്നവർക്കറിയാം. കഴിഞ്ഞ 200 വർഷത്തെ സാമ്രാജ്യവാഴ്ചയിൽ ബ്രിട്ടന്റെ വിശ്വസ്തഭൃത്യന്മാരായും സാമ്രാജ്യത്തിന്റെ കാവൽനായ്ക്കളായും നിന്നിട്ടുള്ള നാട്ടുരാജാക്കന്മാരെ തന്നെയാണ് ഇന്നു സാമ്രാജ്യത്വം അവരുടെ നിലനിൽപ്പിനുവേണ്ടി ആശ്രയിക്കുന്നതു്. പക്ഷെ ഇതു പുതിയ വേഷത്തിലാണെന്നുമാത്രം. അതെങ്ങിനെ എന്നു നോക്കാം.

ഇന്ത്യയുടെ ഭാവി എന്തായിരിക്കണമെന്നുകൂടി നിശ്ചയിക്കുന്നതിനു് ഒരു നിയമനിർമ്മാണസമിതിയാണല്ലൊ, എല്ലാംകൂടി ക്യാബിനററ്മിഷൻ നമുക്കു തന്നിട്ടുള്ളതു്, പത്തുലക്ഷം ജനങ്ങൾക്കു് ഒരു പ്രതിനിധി എന്ന അടിസ്ഥാനത്തിൽ ജനങ്ങൾ നേരിട്ടല്ലാതെ പ്രവിശ്യകളിലെ നിയമസഭാ സാമാജികന്മാർ തെരഞ്ഞെടുക്കുന്ന 296 ബ്രിട്ടീഷിൻഡ്യൻ പ്രതിനിധികൾ (192 കാൺഗ്രസ്സ്, 70 മുസ്ലീംലീഗ്, 8 ലീഗുകാരല്ലാത്ത മുസ്ലീമങ്ങൾ, 14 മററുള്ളവർ, 11 യൂറോപ്യർ, ഒരു ബലൂചി) ഉൾപ്പെടും. ഇവർക്കു പുറമെ 93 നാട്ടുരാജ്യപ്രതിനിധികളും വരും. സാമ്രാജ്യത്വത്തിന്റെ പ്ലാൻ എന്താണ്? നിയമനിർമ്മാണ സമതിയിൽ കോൺഗ്രസ്സുകാരെയും ലീഗുകാരെയും തമ്മിൽ കലഹിപ്പിക്കുക. അവർതമ്മിൽ യോജിപ്പിലെത്താൻ വയ്യാതെ വരുമ്പോൾ നിഷ്പക്ഷവാദികളെപ്പോലെ രംഗപ്രവേശംചെയ്യുക. "മാന്യരെ, നിങ്ങൾതമ്മിൽ യോജിപ്പിലെത്താൻ കഴിയാത്തതിനാൽ ഞങ്ങൾ ഒരു മദ്ധ്യസ്ഥതീരുമാനം ചെയ്യാം. അതു നിങ്ങൾ അനുസരിക്കണം." ഈ മദ്ധ്യസ്ഥതീരുമാനത്തിൽ ഒരിക്കലും ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യ പ്രഖ്യാപനമോ, ബ്രി. പട്ടാളത്തെ തിരിച്ചുവിളിക്കലോ; ബ്രിട്ടൻ ഇൻഡ്യക്കു തരാനുള്ള കടംതിരിച്ചുതരലോ ഉൾപ്പെടുകയില്ലെന്നു് തീർച്ചതന്നെ. ഇപ്രകാരം സാമ്രാജ്യത്തിന്റെ ശക്തിയെ അതുപടി നിലനിർത്തുന്ന മദ്ധ്യസ്ഥപ്രഖ്യാപനം നൽകുവാൻ അതിനെ നിയമനിർമ്മാണ സമിതിയെക്കൊണ്ടു് അംഗീകരിപ്പിക്കുന്ന കാര്യത്തിൽ നാട്ടുരാജ്യങ്ങളിലെ ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു് സമിതിയിലിരിക്കുന്ന രാജാക്കന്മാരുടെ സേവകന്മാരായ 93 സാമാജികന്മാരെ ആയിരിക്കും ബ്രിട്ടീഷ് ഗവമ്മെൻറു് ആശ്രയിക്കുക.

ഇതു സാധിക്കണമെങ്കിൽ നാട്ടുരാജ്യപ്രതിനിധികളായി നിയമനിർമ്മാണ സമിതിയിൽ വരുന്നവർ ബ്രിട്ടന്റെ ആജ്ഞാനുവർത്തികളായിരിക്കണമല്ലോ. അതുകൊണ്ടാണ് നാട്ടുരാജ്യപ്രതിനിധികൾ ആരായിരിക്കണം എന്നു തീരുമാനിക്കുന്നതിനുള്ള സകല അധികാരവും നാട്ടുരാജാക്കന്മാർക്ക് കൊടുത്തിരിക്കുന്നതു്. വേണമെങ്കിൽ നാട്ടുരാജ്യപ്രതിനിധികൾ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ടവരായിരിക്കണമെന്നു് ക്യാബിനററു് മിഷ്യനു് വ്യവസ്ഥവെയ്ക്കാമായിരുന്നില്ലേ, മററു പല കാര്യങ്ങൾക്കു അവർ തീർപ്പുകൽപ്പിച്ചിട്ടുണ്ടു്. പ്രകൃതിവിരുദ്ധമായി പ്രവിശ്യകളെ കൂട്ടിച്ചേർക്കണമെന്നും മററും പലതും വിധിച്ച ഭരണാധികാരികൾ എന്തുകൊണ്ടു് നാട്ടുരാജ്യങ്ങളെ പ്രതിനിധീകരിക്കുന്നതു് ജനപ്രതിനിധികളായിരിക്കുമെന്നു് വിധിച്ചില്ല.? അതാണ് സാമ്രാജ്യത്വത്തിന്റെ തന്ത്രം.

നാട്ടുരാജ്യങ്ങളിലെ 930 ലക്ഷം ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു് നിയമനിർമ്മാണസഭയിൽ ഇരിക്കുന്ന 93 സാമാജികന്മാർ ഒരിക്കലും ജനകീയാഭിലാഷത്തെ ബഹുമാനിക്കുന്നവരൊ യഥാർത്ഥ ജനപ്രതിനിധികളൊ ആയിരിക്കുകയില്ല. കാശ്മീറിനെ പ്രതിനിധീകരിക്കുന്നതു് ഒരിക്കലും ആ രാജ്യത്തിലെ 40 ലക്ഷം ജനങ്ങളുടെയും അനിഷേദ്ധ്യ നേതാവായ ഷൈക്ക് അബ്ദുള്ള ആയിരിക്കുകയില്ല. കശ്മീർജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ടു് സമിതിയിൽ ഞെളിഞ്ഞിരിക്കുന്നതു് ആ നാട്ടുകാരുടെ സ്വാതന്ത്ര്യത്തിന്റെ ശത്രുവായ പ്രധാനമന്ത്രി കാക്ക് ആയിരിക്കും. തിരുവിതാംകൂറിൽനിന്നും ജനസംഖ്യ അനുസരിച്ചു് 60 ലക്ഷത്തെ പ്രതിനിധീകരിച്ചുകൊണ്ടു് 6 പ്രതിനിധികൾ പോകും. അതിൽ മൂന്നുപേർ സർ. സി. പി. രാമസ്വാമിഅയ്യർ ഉൾപ്പെട്ട ഗവമ്മെൻറുദ്യോഗസ്ഥന്മാർ ആയിരിക്കും. അവർ മൂന്നുപേർ 30 ലക്ഷം തിരുവിതാംകൂർകാരുടെ പ്രതിനിധികളായി പോകും. ബാക്കിമൂന്നുപേർ അസംബ്ളിയിൽ ഉള്ള "തെരഞ്ഞെടുക്കപ്പെട്ട" സാമാജികന്മാരിൽ നിന്നും ഗവർമ്മെൻറിനു് ഇഷ്ടമുള്ള മൂന്നുപേർ ആയിരിക്കും ഈ മൂവർ മററുമൂന്നുപേർക്കാൾ ഒട്ടുംതന്നെ കൂടുതൽ ജനപ്രതിനിധികളാകാൻ വഴിയില്ലല്ലോ. അങ്ങനെ6 പേർ നമ്മുടെ 60 ലക്ഷങ്ങളുടെ പ്രതിനിധികളായി നമ്മുടെ സ്വാതന്ത്ര്യഭാവിയെ നിർണ്ണയിക്കുന്നതിനായി പോകും.

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY

തകഴി ശിവശങ്കരപ്പിള്ള

# ലുബ്ധന്റെ മകൾ

[ചെറുകഥ]

1

നഗരത്തിൽ അതിലും വലിയ കെട്ടിടങ്ങളുണ്ട്, അതിലും കൂടുതൽ പണം ചെലവുവന്നിട്ടുള്ള കെട്ടിടങ്ങളും ദുർല്ലഭമല്ല. പക്ഷേ അത്രയും സുന്ദരമായ കെട്ടിടങ്ങൾ അതിനടുത്തകാലത്തു് ഉണ്ടായിട്ടില്ല. ആകെക്കൂടി നല്ല ഇണക്കമാണ്.

അതു് ഔസേപ്പ് എന്ന പേരായ ഒരു ധനികന്റെ വകയാണ്. ഔസേപ്പ് പ്രസിദ്ധി ആർജ്ജിച്ച ഒരു ലുബ്ധനാണ്. ഈ പിശുക്കൻ ഇത്രയും പണം ചെലവുചെയ്തു് ഒരു കെട്ടിടം പണിയിച്ചോ എന്നു ആരും അത്ഭുതപ്പെട്ടുപോകും. തന്നെയുമല്ല, ഈ പരിശപിടിച്ച മൂപ്പീന്നിന്നു് ഇത്ര നല്ല കെട്ടിടം പണിയിക്കാൻ കഴിഞ്ഞോ? ആർക്കും വിശ്വാസം വരികയില്ല. ഇല്ല, അത്ര സൌന്ദര്യബോധവും ഭാവനയും ആ പരിശപിടിച്ചു നടക്കുന്ന കോലത്തിനുണ്ടായിരിക്കയില്ല. എന്നാൽ പരമാർത്ഥം, അയാൾ അയാളുടെ ഭാര്യയുടെ അഭിപ്രായം മാത്രമേ ആ കെട്ടിടം പണിയിൽ സ്വീകരിച്ചിട്ടുള്ളു.

ഔസേപ്പ്, വളരെക്കാലം ഒരു മുറിയും ഒരു ചായിപ്പും ഒരടുക്കളയും മാത്രമുള്ള ഒരു കൊച്ചു വീട്ടിലാണ് താമസിച്ചിരുന്നതു്. റോസ് വില്ല പണിതീർത്തതിനു ശേഷം അങ്ങോട്ടു താമസം മാററി. പരിഷ്കൃതരീതിയിൽ സജ്ജമാക്കിയിട്ടുള്ള ഒരു ഭവനമാണതു്. എന്നാൽ അവിടത്തെ കസേരകളിലും സെററികളിലും ഒന്നും മനുഷ്യർ ഇരുന്നിട്ടില്ല. മേശകളും അലമാരികളുമെല്ലാം വെറും അലങ്കാരത്തിനു മാത്രം. ആരും ഉപയോഗിക്കാറില്ല. നാഴികമണി നിഷ്പ്രയോജനമായി, മണിക്കൂറുകൾ കഴിയുന്നതു കാണിക്കാറുണ്ട്. അവിടെ ആർക്കുതന്നെയും അറിയേണ്ട ആവശ്യമില്ല. രണ്ടു മുറികളൊഴിച്ചു ഒന്നിലും ആൾസഞ്ചാരമില്ല. വിളക്കുകൾ കത്താറുമില്ല.

ആ കെട്ടിടത്തിന്റെ അങ്ങേ അററത്തു് അടുക്കളയോടു ചേർന്നു് ഒരു മുറിയുണ്ട്. ഔസേപ്പിനെ കാണണമെങ്കിൽ അവിടെച്ചെല്ലണം. ആ മുറിയിൽ ഒരു കയററുകട്ടിലിൽ അയാൾ ഇരിക്കുന്നതു കാണാം. ചേർന്നു്, മെലിഞ്ഞു്, വിളറി, നിർജ്ജീവനയനങ്ങളോടെ ഒരു പെൺകുട്ടിയും ഇരിപ്പുണ്ടായിരിക്കും. അവരുടെ ആ ഇരുപ്പു കണ്ടാൽ വളരെനാളായി അവർ [illegible] ഉരിയാടിയിട്ടെന്നു തോന്നും. രണ്ടു പ്രതിമകൾ!

ആ പെൺകുട്ടി അയാളുടെ മകളാണ്. റോസ. ആ നല്ല വീട്ടിൽനിന്നും അയാൾ ഇറങ്ങിവരുമ്പോൾ, അതു് അതിന്റെ ഉടമസ്ഥനെന്നോ; അതിലെ പാർപ്പുകാരനെന്നോ ആണെന്നു് ഒരപരിചിതനോടു പറഞ്ഞാൽ അയാൾ വിശ്വസിക്കയില്ല.

ഔസേപ്പിന്റെ ചരിത്രം ഒരത്ഭുതകഥയായി നാട്ടുകാർ പറയാറുണ്ട്.

40 സംവത്സരങ്ങൾക്കുമുമ്പ് കൊല്ലം നഗരത്തിൽ, അതിന്റെ പരിസരത്തിലുള്ള ഏതോ ഗ്രാമത്തിൽനിന്നുവരുന്ന ഒരു ചുമട്ടുകാരൻചെറുക്കൻ അലഞ്ഞുതിരിഞ്ഞുനടന്നതു് ഓർക്കുന്നവരുണ്ട്. അവൻ ഒരു മര്യാദക്കാരനായിരുന്നു. വലിയ സാമർത്ഥ്യമൊന്നുമില്ല; എങ്കിലും അവൻ മടയനായിരുന്നില്ല.

ഒട്ടുനാൾ കഴിഞ്ഞു. അവനു ഒരുന്തുവണ്ടിയുണ്ടായി. കുറച്ചുനാൾ കഴിഞ്ഞു് അതൊരു കട്ടവണ്ടിയും, പിന്നീടു കാളവണ്ടിയുമായി.

അക്കാലത്തു് അവന്റെ കല്യാണം നടന്നു. മറെറാരു കാളവണ്ടി ഉടമസ്ഥന്റെ മകൾ മറിയയെ. ആയിരം ചക്രമായിരുന്നു സ്ത്രീധനം.

ഔസേപ്പിനു കാളവണ്ടികൾ പലതായി. നഗരത്തിൽ അവൻ സ്ഥലം വാങ്ങിച്ചു. ഒരു കച്ചവടവും ആരംഭിച്ചു. അക്കാലത്തായിരുന്നു മോട്ടോർ കാറുകൾ വന്നതു്. അയാൾ ലോറികൾ വാങ്ങിച്ചു. നഗരത്തിന്റെ പരിസരങ്ങളിൽ നിലങ്ങളും പുരയിടങ്ങളുമുണ്ടായി. എല്ലാം മറിയയുടെ ഭാഗ്യംകൊണ്ടാണെന്നു് അയാൾ പറഞ്ഞു.

ആയിരിക്കാം. മറിയയുടെ ഭാഗ്യത്തെ ആരും നിഷേധിച്ചില്ല. മറിയ ഭാഗ്യവതിയല്ലെങ്കിൽ ഔസേപ്പിനു നിധി കിട്ടുകയില്ലല്ലോ എന്നു നാട്ടുകാർ പറഞ്ഞു. അവൾ ഭാഗ്യവതിതന്നെയാണ്

ഇത്രയൊക്കെ സൌകര്യങ്ങളുണ്ടെങ്കിലും ഔസേപ്പ് നഗരത്തിൽ ഒരു ചെറിയ കെട്ടിടത്തിലാണ് താമസം. മുമ്പുപറഞ്ഞ ആ ഒരു മുറിയും ചായിപ്പും അടുക്കളയുമുള്ള ഒരു വീട്ടിൽ. നല്ല കെട്ടിടങ്ങൾ പലതും നഗരത്തിൽ അയാൾക്കുണ്ട്. എല്ലാം വാടകയ്ക്കു കൊടുത്തിരിക്കയാണ്.

ഔസേപ്പിനോടു ഏററവും അടുത്തവരായി മൂന്നുനാലുപേരുണ്ട്. ബാങ്കർ പൗലോസ്, മറെറാരു കച്ചവടക്കാരൻ ചാക്കോ ഇങ്ങനെ മൂന്നുനാലുപേർ അവർക്കു ഔസേപ്പിൽ സ്വാധീനമുണ്ടെന്നാണു പറയപ്പെടുന്നതു്. അവരോടാലോചിക്കാതെ ഔസേപ്പു വലിയകാര്യങ്ങളൊന്നും ചെയ്യുകയില്ല.

ഒരു ദിവസം ചാക്കോ ചോദിച്ചു.

"എന്തിനാ ക്രവെ ഈ നെല്ലും പണവും?"

ഔസേപ്പിനെ ഈ ചോദ്യം അത്ഭുതപ്പെടുത്തി. നെല്ലും പണവും എന്തിനാണെന്നു്! നെല്ലിന്റെയും പണത്തിന്റെയും വില ഔസേപ്പിനറിയാം. അതുകൊണ്ടു ആ ചോദ്യത്തിനുത്തരം നൽകാൻ ഒരു വിഷമവും അയാൾക്കുണ്ടായിരുന്നില്ല. ഔസേപ്പു പറഞ്ഞു.

"എന്റെ കുഞ്ഞുങ്ങളും അവരുടെ കുഞ്ഞുങ്ങളും ചുമട്ടുകാരാകാതിരിപ്പാൻ."

ചാക്കോ പൊട്ടിച്ചിരിച്ചു. അങ്ങിനെ അയാൾ പൊട്ടിച്ചിരിക്കുന്നതെന്തെന്നു ഔസേപ്പു അൽഭുതപ്പെട്ടു. ചിരിക്കാനെന്താണുള്ളതു്?

ചാക്കോ വീണ്ടും ചോദിച്ചു.

"താൻ വേലയെടുക്കുന്നതു് തനിക്കു സുഖമായി കഴിക്കാനല്ല്യോ"

"ഞാൻ സുഖമായി കഴിയുന്നുണ്ടല്ലോ."

ചാക്കോയ്ക്കു പിന്നീടൊന്നും പറയാനുണ്ടായിരുന്നില്ല.

ശരിയാണ്. ഔസേഫിനു സുഖമാണ്. ആ കൊച്ചു പുരയിൽ കഴിഞ്ഞാൽ മതി ആ കരയൻ മുണ്ടും കച്ചതോർത്തും ധാരാളം മതി. തഴപ്പായിൽ കിടന്നുറങ്ങാം. അയാൾക്കു സുഖം തന്നെയാണ്. പക്ഷെ, തനിക്കു സുഖമാണെന്നു പറഞ്ഞാൽ അതു ആർക്കും ബോദ്ധ്യം വരാത്തതെന്താണെന്നാണ് ഔസേഫ് അൽഭുതപ്പെടുന്നതു്. തന്റെ സുഖത്തിന്റെ തോതു് അന്യരാണോ നിശ്ചയിക്കേണ്ടതു് ?

വൽസരങ്ങൾ അങ്ങനെ ഏതാനും കഴിഞ്ഞു.

"തനിക്കു വേണ്ടി ഒന്നും ചിലവാക്കാതെ ആർക്കു വേണ്ടിയാ ക്രവേ താൻ സമ്പാദിക്കുന്നേ?"

ഈ ചോദ്യം പൌലോസും ചാക്കോയും കൂടെക്കൂടെ ചോദിക്കും. അതിന്റെ വ്യംഗ്യാർത്ഥം ഔസേപ്പിനു മനസിലായിത്തുടങ്ങി. ആരു ചുമട്ടുകാരായി കൂടെന്നു അയാൾ ആഗ്രഹിക്കുന്നോ, ആ അനന്തര പരമ്പര ആരംഭിച്ചിട്ടില്ല. അയാൾക്ക് കുട്ടികളില്ല !

ഇടവകപ്പള്ളിയിൽ ഒരു പെരുനാൾ കഴിച്ചാൽ സന്തതിയുണ്ടാകുമെന്നു വികാരിയച്ചൻ അഭിപ്രായപെട്ടു. അർത്തുങ്കൽ പള്ളിയിൽ ഒരു കുഞ്ഞിന്റെ സ്വർണ്ണ ആൾരൂപം കാഴ്ച വച്ചാൽ ഫലിക്കുമെന്നു് ഒരു വൃദ്ധ പറഞ്ഞു. നെയ്യൂർ പോയി ഭാര്യയെ ഒന്നു പരിശോധിപ്പിക്കണമെന്നു വേറൊരാൾ അഭിപ്രായപ്പെട്ടു. എല്ലാം പണച്ചെലവാണ്! എല്ലാ ഞായറാഴ്ചയും പള്ളിയിൽ ചെല്ലുമ്പോൾ അയാൾ പ്രാർത്ഥിക്കും "എന്റെ കർത്താവേ ! എനിക്കൊരു **സന്താനമുണ്ടാകണേ !**

പെരുനാൾ കൂടാതെ കാര്യം സാധിച്ചുതരുന്ന മട്ടില്ലെന്നു അയാൾക്കു തോന്നിത്തുടങ്ങി.

അവസാനം ചുരുങ്ങിയ ചെലവിൽ അയാൾ ഒരു പെരുനാൾ കഴിച്ചു. ഒരു പണവിട സ്വർണ്ണത്തിൽ ഒരു ആൾ രൂപവും കാഴ്ചവച്ചു. നെയ്യൂർ കൊണ്ടു പോയി ഭാര്യയെ ചികിൽസിപ്പിക്കയും ചെയ്തു. എന്നിട്ടും ഫലിച്ചില്ല. ഇല്ല, മറിയം പ്രസവിക്കയില്ല.

അന്നും അയാളുടെ ധനം വർദ്ധിച്ചു കൊണ്ടിരിക്കയായിരുന്നു. അങ്ങനെ വൽസരങ്ങൾ ചിലതു കൂടി കഴിഞ്ഞു. ആ വമ്പിച്ച സ്വത്തിന്റെ അവകാശിയുടെ ആവിർഭാവത്തിന്റെ ലക്ഷണങ്ങൾ ഭാര്യയിൽ കണ്ടുതുടങ്ങി. ഔസേപ്പ് ഉൽക്കണ്ഠയോടു കാത്തുകൊണ്ടിരുന്നു.

അതു് ഒരു പെൺകുട്ടിയായിരുന്നു. ഇനിടയങ്കിലും ഈ സ്വത്തു എന്തിനാണെന്നു ആരും ചോദിക്കുകയില്ലെന്നു ഔസേപ്പിനു തോന്നി.

റോസയെ പ്രസവിച്ചതിനു ശേഷം മറിയത്തിനു ചിലതെല്ലാം ഔസേപ്പിനോടു അവകാശപ്പെടുവാനുണ്ടായി. അങ്ങനെ ആവശ്യപെടുന്നതു ചെയ്തുകൊടുത്തേ മതിയാവൂ. അതിനയാൾക്കു മടിയുമില്ല.

ഒരു ദിവസം മറിയം ഔസേപ്പിനോടു പറഞ്ഞു.

"നമുക്ക് ഒരു നല്ല വീടു വയ്ക്കണം"

"പുത്തനായിട്ടോ ?"

"അതെ"

"നമുക്കിവിടെ ഏത്ര നല്ല വീടിരിക്കുന്നു ?"

എന്നിട്ടയാൾ അയാളുടെ ഓരോ കെട്ടിടത്തിന്റെയും കാര്യം ചോദിച്ചു. അതൊന്നും പോരാ, ഒരു നല്ല പുതിയ വീടുവേണം. അതിന്റെ രൂപം മറിയയുടെ മനസ്സിലുണ്ട്. ഔസേപ്പു സമ്മതിച്ചു.

മറിയം ഇങ്ങനെ ആവശ്യപ്പെടാൻ ഒരു കാരണമുണ്ട്. റോസയ്ക്കു ആറു വയസ്സായി. പത്തുകൊല്ലംകഴിഞ്ഞു അവൾക്കു വല്ലോരും വരുമ്പോഴൊരു നല്ലവീടില്ലെങ്കിൽ അതു കുറച്ചിലല്ലേ?

അടുത്ത ദിവസം പുരപണിയും ആരംഭിച്ചു.

അതാണ് റോസ് വില്ല.

ഔസേപ്പ് ഇപ്പോഴും ഓർക്കുന്നു. പുരപണിക്കാലത്തു മറിയത്തിനു അതിനു മുൻപില്ലാത്ത ഉശിരും തന്റേടവും ഉണ്ടായിരുന്നു. ഭാവിയെക്കുറിച്ചു പലപല കാര്യങ്ങളും അവൾ പറഞ്ഞിട്ടുണ്ട്. റോസയെ കെട്ടിക്കുന്നതു ഒരു ബി. എ. ബി. എൽ. നെ ക്കൊണ്ടേ ആകാവൂ- കല്യാണം കേമമായി നടത്തണം. ആ ചെറുക്കനെ ദത്തെടുക്കണം

വിളിക്കേണ്ടതാരെയെല്ലാമെന്നുകൂടി അവൾ പറഞ്ഞു. അതിൻെറ ഒന്നും അത്ഥം ഔസേപ്പിനു മനസ്സിലായില്ല.

പുരപണി തീർന്നു. അങ്ങോട്ടു മാറിയില്ല. അതിനു മുൻപു മറിയത്തിനു ഒരു ചെറിയ പനി പിടിച്ചു. അടുത്ത ദിവസം അതു വർദ്ധിച്ചു. മൂന്നാം ദിവസം മകളെ ഭർത്താവിനു ഏൽപിച്ചു പറഞ്ഞതെല്ലാം ഓർത്തുകൊള്ളണമെന്നു പറഞ്ഞിട്ടു അവൾ മരിച്ചു.

ഔസേപ്പു റോസയെവളർത്തി.

(2)

വിളറിവിളർത്ത ഒരു യുവതി. നന്നേ മെലിഞ്ഞിരിക്കുന്നു. കുറച്ചധികം നീളമുണ്ടു്. കണ്ണുകൾക്കു ഒരു ജീവനില്ല. പാവം! ചുമക്കാൻവയ്യാത്ത വിധം ആഭരണങ്ങൾ അവൾ അണിഞ്ഞിട്ടുണ്ടു്. ആ പൊന്നു അവളുടെ ശരീരത്തിൽ കിടന്നു കരയുന്നു. അതൊന്നും അവൾ സ്വമേധയാ അണിഞ്ഞതല്ല. ആരോ അണിയിച്ചതാണു് എന്നു തോന്നുന്നു. എന്തൊരു ദയനീയമായ രൂപമാണവൾ!

അതാണു ഔസേപ്പിൻെറ മകൾ റോസ.

ഔസേപ്പ് റോസയ്ക്കു ഒരു ചെറുക്കനെ അന്വേഷിക്കയാണു്.

മറിയംപറഞ്ഞിട്ടുള്ളതെല്ലാം ഔസേപ്പിനു ഓർമ്മയുണ്ടു്. റോസയ്ക്കു പതിനേഴു വയസ്സാകുന്നു.

അങ്ങിനെ അന്വേഷിച്ചന്വേഷിച്ചു അയാൾ ഒരുവനെ കണ്ടുപിടിച്ചു. മലബാറുകാരൻ ബി. എൽ. ജയിച്ചിട്ടുണ്ടു്. മറിയം പറഞ്ഞതുപോലെ വെളുത്തുചുമന്നു സുന്ദരനാണു്. വീട്ടിൽ വലിയ വകയൊന്നുമില്ല. അതിനെക്കുറിച്ചു ഔസേപ്പിനു ക്ലേശവുമില്ല. റോസയ്ക്കു വേണ്ടതിലധികം വകയുണ്ടല്ലോ.

ചെറുക്കൻ പെണ്ണിനെ വന്നു കണ്ടു. ചെറുക്കനു പെണ്ണിനെ ബോധിക്കുകയില്ലെന്നാണു് എവരും വിശ്വസിച്ചിരുന്നതു്. പണമുണ്ടെങ്കിലും പെൺകോലമായിരിക്കേണ്ടേ? അതും ഒരു ബി. എൽ. കാരൻ പണത്തിനുവേണ്ടി ഇതിനെ കെട്ടുമോ? പക്ഷേ, ചെറുക്കൻ സമ്മതിച്ചു. വിവാഹവും അത്യാഡംബരപൂർവ്വം നടന്നു.

ചെറുക്കൻ റോസ് വില്ലായിലാണു താമസം.

ഔസേപ്പിൻെറ മുഖം കൃതകൃത്യത കൊണ്ടു പ്രകാശിച്ചു. ആ വിവാഹത്തിനു ശേഷം അയാൾക്കു പറയാനുള്ളതു ആ ആഘോഷത്തെക്കുറിച്ചാണു്. എന്തു സംസാരിച്ചാലും റോസയുടെ വിവാഹത്തിൽ അയാൾ ചെന്നു നിൽക്കും. ഏതു കാര്യത്തിനും ഉപമ ആ വിവാഹത്തിൽ ഉണ്ടു്.

ജാമാതാവിൻെറ താമസത്തോടുകൂടി ആ വീടിനു അനക്കമുണ്ടായി. എല്ലാ മുറികളിലും രാത്രിയിൽ വെളിച്ചമുണ്ടു്. ജനസഞ്ചാരവുമുണ്ടു്. കോരലോനപ്പൻ ബി എ ബി എൽ. അഡ്വോക്കേററു് എന്നൊരു ബോർഡും ആ കെട്ടിടത്തിൻെറ ഗേററിങ്കൽ തൂങ്ങുന്നുണ്ടു് അങ്ങിനെ അതൊരു മനുഷ്യൻ പാക്കുന്ന വീടായിതീന്നു.

എങ്കിലും റോസയുടെ ശബ്ദം അവിടെ കേൾക്കുവാനുണ്ടായിരുന്നില്ല. ആ അടുക്കളയുടെ അടുത്തമുറിയിൽനിന്നും അവൾ മാളികമുകളിലേക്കു വന്നു. റോസയെ ലോനപ്പൻ സ്നേഹിക്കുന്നുണ്ടായിരുന്നു. അവളുടെ ഈശ്വരൻ ലോനപ്പനുമായിരുന്നു. എങ്കിലുംവികാരത്തിൻെറ ചൈതന്യവും ഉശിർപ്പും ഊഷ്മാവും കൊണ്ടു കിലുങ്ങുന്ന ഒരു പൊട്ടിച്ചിരിപോലും കേട്ടിട്ടില്ല. യൗവനം ദയനീയമായി അവിടെ പരാജയമടഞ്ഞു പോയി. ആ പാവംയുവതിയാണെങ്കിലും അവളുടെ ഞരമ്പുകളിൽക്കൂടി ചോരയല്ല, ഒരുതരം മഞ്ഞവെള്ളമായിരുന്നിരിക്കാം ഒഴുകിയിരുന്നതു്........ ലോനപ്പൻ, അയാൾക്കു ചോരയും നീരുമില്ലേ, എന്തോ! അയാൾ സഹിച്ചായിരിക്കാം!

ഔസേപ്പ് കച്ചവടം നിറുത്തി. ഏടപാടുകളെല്ലാം ഒതുക്കിത്തീർത്തു. ഇനിയും തേടിയ വകകളെക്കുറിച്ചു് ചില ചിട്ടയും അടുക്കും വരുത്തുവാനുണ്ടു്.

ഒരു ദിവസം അയാൾ അവളെ വിളിച്ചുകൊണ്ടുപോയി, അയാളുടെവക പുരയിടങ്ങളിൽ നിന്നിട്ടു തേങ്ങയെല്ലാംകൂടി കൂട്ടിയിട്ടിരിക്കുന്നതു കാണിച്ചു പതിനായിരങ്ങൾ കണക്കിനു മലപോലെ തേങ്ങ കൂടിക്കിടക്കുന്നു.

"ഇതു മുഴുവൻ എൻെറ മോടെയും മോടെ മക്കളുടെയും വകയാ! നാൽപ്പത്തഞ്ചാം പൊക്കം തോറുംഇത്രയുംകിട്ടും.പക്ഷേപറമ്പിൽ ദേഹണ്ഡിപ്പിക്കണം."

എന്നിട്ടയാൾ അവളുടെ മുഖത്തുനോക്കി. അതവൾക്കു മനസ്സിലായില്ലെന്നു തോന്നുന്നു.

കന്നിമാസത്തിൽ പാട്ടംകിട്ടിയ അനേകായിരപ്പറനെല്ലു വാങ്ങി സൂക്ഷിച്ചിരിക്കുന്ന അറകളും അയാൾ റോസയെ കാണിച്ചുകൊടുത്തു. മറെറാരിക്കൽ നഗരത്തിലും പുറത്തുമുള്ള വസ്തുക്കളിൽ അയാൾ അവളെ കൊണ്ടുപോയി. പിന്നീടൊരിക്കൽ ബാങ്ക്നിക്ഷേപങ്ങളുടെ കണക്കു കാണിച്ചു. അപ്പോൾ അവൾ ചോദിച്ചു.

"അപ്പനെന്തിനാ ഇതെല്ലാം എന്നെ കാണിക്കുന്നെ?"

ഔസേപ്പവളെ ചേർത്തുപിടിച്ചുകൊണ്ടു പറഞ്ഞു.

"അപ്പൻ ചുമട്ടുകാരനായിരുന്നു മോളെ! എൻെറ മകൾക്കും മക്കളുടെ മക്കൾക്കും അവരുടെ മകൾക്കും വേണ്ടി ഉണ്ടാക്കിയതാ. എല്ലാം നിങ്ങടെ വകയാ. ആക്കും കൊടുക്കാതെ, എൻെറ മോൾ ഇനി സൂക്ഷിക്കണം.

തെല്ലിട ഓർത്തിരുന്നിട്ട് ലുബ്ധൻെറ ആവേശത്തോടെ ഔസേപ്പു തുടന്നു.

"അപ്പൻ ചത്തുപോയാലും അപ്പനെല്ലാം നോക്കിക്കൊണ്ടിരിക്കും. അപ്പൻ കഷ്ടപ്പെട്ടുവനാ. മകളു നിൻെറ കുഞ്ഞുങ്ങൾക്കുള്ളതു കൊടുക്കണം. അതപ്പനു കാണണം. മററാക്കും കൊടുക്കരുതേ!"

ഒരു വാഗ്ദത്തം കിട്ടാനെന്നപോലെ ഔസേപ്പു അവളുടെ മുഖത്തു നോക്കി. "കൊടുക്കുമോ മോളെ" എന്നു ഔസേപ്പു ചോദിച്ചു. 'ഇല്ല' എന്നു മുഖത്തു നോക്കി ഒന്നു ശബ്ദിച്ചാൽ മതിയായിരുന്നു. എങ്കിലും റോസ ഇന്നോളം ആലോചിച്ചിരുന്നതല്ല അതു്.

"കൊടുക്കുമൊ മോളേ?"

ഔസേപ്പിൻെറ സ്വരം ഉൽക്കണ്ഠകൊണ്ടിടറുന്നുണ്ടായിരുന്നു. വാസനയാൽപ്രേരിതമായെന്നപോലെ 'ഇല്ല' എന്നൊരു ശബ്ദം അവളുടെ മുഖത്തുനിന്നു തിന്നു.

ഔസേപ്പിനു മതിയായില്ല. അങ്ങനെ ഒരു വാഗ്ദത്തമല്ല അയാൾക്കു വേണ്ടിയിരുന്നതു്. എങ്കിലും തുടന്നയാൾ ചോദിച്ചില്ല.

അതിനു ശേഷം വൃദ്ധൻ അല്പം വ്യാകുലനായിരുന്നു. ആ വ്യാകുലത ദിനംപ്രതി വദ്ധിച്ചുവന്നു. അങ്ങനെ നാൾ കുറച്ചുകൂടി കഴിഞ്ഞു. അയാൾ രോഗബാധിതനായി കിടപ്പായി; മരിച്ചു. മരിക്കുമ്പോഴും താൻ സമ്പാദിച്ചതു അവൾക്കും അവളുടെ അനന്തര പരമ്പരകൾക്കും വേണ്ടിയാണെന്നു് അയാൾ അവളെ ഓർമ്മിപ്പിച്ചു. ആരു മററാക്കെങ്കിലും കൊടുക്കുമോ എന്നു ചോദിച്ചു. 'ഇല്ല' എന്നവൾ പറഞ്ഞിട്ടും അയാൾക്കു് ബോദ്ധ്യമായില്ല.

അങ്ങനെ റോസ ആ വമ്പിച്ച സ്വത്തിൻെറ അവകാശിയായി. ഇന്നു പാട്ടവും വാടകയും പററിയാൽ അവൾ രസീതു കൊടുക്കണം.

ആ സ്വത്തിനു വേറൊരു അവകാശി കൂടി ഉണ്ടാകുവാനുള്ള ലക്ഷണങ്ങളുണ്ടു്. റോസ ഗർഭിണിയാണു്.

ഹൃദയമുള്ളവനു അതു കാണാൻ സാധിക്കുന്ന ഒരു കാഴ്ചയല്ല. ആ ശോഷിച്ച ശരീരത്തിൽ അസാധാരണമായി വീർത്ത വയർ ഒന്നേ അങ്ങോട്ടു നോക്കുകയുള്ളൂ. അതിനുത്തരവാദിയായ പുരുഷനെ ആരും മൃഗമെന്നു വിളിച്ചു ശപിച്ചുപോകും, അതൊരു ഹൃദയ ശൂന്യത തന്നെയാണു്.

മഞ്ഞ നിറത്തിൽ, അവൾ ചലിക്കുന്ന ഒരു ശവമായിരുന്നു

ലോനപ്പൻ കഴിയും വിധം ശുശ്രൂഷിക്കുന്നുണ്ടു്; ശ്രദ്ധിക്കുന്നുമുണ്ടു്. അയാളുടെ നിഷ്കർഷ കണ്ടാൽ അയാൾ ചെയ്ത തെററിനെക്കുറിച്ചു മനസ്സിലാക്കി എന്നു തോന്നും.

സൂതികാലത്തിലെ തൊരക്കങ്ങളും കരച്ചിലുകളും അടങ്ങി. നിറഞ്ഞ നിശ്ശബ്ദത. ലോനപ്പൻ ഒരു പ്രതിമ പോലെ

(ശേഷം 9—ാംപേജിൽ)


# "നാളെ"

By

ശ്രീ. കെ. രാമകൃഷ്ണപിള്ള ബി. ഏ. എൽ. എൽ. ബി.

അടുത്തലക്കത്തിൽ പ്രതീക്ഷിക്കുക.



# മഴക്കാലത്തു്

വെറുതെ വീട്ടിലിരുന്നു് ധാരാളം വായിക്കുക.
അതിനു് ഞങ്ങൾ നിങ്ങളെ സഹായിക്കും.

## എങ്ങനെ—?

താഴെക്കാണുന്ന പുസ്തകങ്ങൾ വി. പി. അയയ്ക്കുവാൻഉടനെ ഒരു കാർഡിടുക.

1 നിവേദനം പൊൻകുന്നം വർക്കിയുടെ എട്ടു പുതിയ ചെറുകഥകൾ 1—8—0

2. പ്രേമവിപ്ലവം വർക്കി 1—0—0

3. തകഴിയുടെ കഥകൾ 1—4—0

4. അനശ്വരതയിലേക്കുള്ള ക്ഷണം (നാടകം) 0—12—0
(ശാസ്ത്രജ്ഞൻ, പുരോഹിതൻ, ഹിററ്ലർ, സിനിമാതാരം, തൊഴിലാളി ഇവരാണു് കഥാപാത്രങ്ങൾ)

5. പുരോഗമനസാഹിത്യം എന്തിനു്?
(ഹരീന്ദ്രൻ, പ്രോ: മുണ്ടശ്ശേരി, കുററിപ്പുഴ തുടങ്ങിയവർ എന്തു പറയുന്നു എന്നു മനസ്സിലാക്കുക.) 1—4—0

സൗജന്യം
അഞ്ചുംകൂടിഒരുമിച്ചെടുത്താൽ വി. പി. ചെലവു് സൗജന്യം.

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽ ബസാർ, കോട്ടയം.

പി. കേശവദേവ്

# നമ്മുടെ സാഹിത്യത്തിന്റെ ഭാവി

## ചില നിർദ്ദേശങ്ങൾ

### II

ഇനി നമ്മുടെ സാഹിത്യം എങ്ങിനെയുള്ളതായിരിക്കണമെന്നു ചിന്തിക്കാം. ഇതേപ്പറ്റി ഈയിടെ ചില ലേഖനങ്ങൾ ചില പത്രങ്ങളിൽ കാണുകയുണ്ടായി. നോവലു വേണം, നാടകം വേണം, എന്നൊക്കെ. സാഹിത്യത്തിന്റെ ശരീരത്തെ സംബന്ധിച്ചല്ലാതെ, ആത്മാവിനെ സംബന്ധിച്ച്, ആശയത്തെ സംബന്ധിച്ച്, ആ ലേഖനങ്ങളിലൊന്നും പ്രതിപാദിച്ചു കാണുന്നില്ല. ചെറുകഥകളായാലും, നോവലുകളായാലും, നാടകങ്ങളായാലും, പദ്യശകലങ്ങളായാലും വായനക്കാരിലും കാണികളിലും എന്തു ഫലത്തെയാണുണ്ടാക്കേണ്ടതെന്നാണ് നാം ആദ്യമായി ചിന്തിക്കേണ്ടതു്. നോവലുകളും നാടകങ്ങളും കുറവായതുകൊണ്ടു്, ആ കുറവിനെ പരിഹരിക്കുവാനായി കുറെയെണ്ണം എഴുതിതള്ളിയതുകൊണ്ടു പ്രയോജനമില്ല. "ഭാഷയോടുള്ള കടമ" നിർവ്വഹിക്കുവാൻവേണ്ടി ചിലർ പുസ്തകങ്ങളെഴുതുന്നതുപോലെതന്നെ, "കുറവു പരിഹരിക്കുവാനും" പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതായി കാണാറുണ്ടു്. അത്തരം എഴുത്തുകാരെ സാഹിത്യലോകത്തിൽനിന്നു നാടുകടത്തേണ്ട കാലം വൈകിയിരിക്കുന്നു. കഴമ്പില്ലാത്ത കൃതികൾ ചമച്ചു് വിടവടയ്ക്കുന്നതിൽ ഭേദം, ആ വിടവുകൾ അങ്ങിനെതന്നെ കിടക്കുന്നതാണ് നന്നു്. ഓരോ ഇനത്തിലും ഇത്രയിത്ര കൃതികൾ വീതം തന്നുകൊള്ളാമെന്നും മറ്റും നാം ആരോടും വാഗ്ദത്തം ചെയ്തിട്ടില്ല. പക്ഷേ, പ്രസിദ്ധപ്പെടുത്തുന്ന ഏതെങ്കിലും ഒരു സാഹിത്യകൃതി വായനക്കാരന്റെ സംസ്ക്കാരത്തെ വർദ്ധിപ്പിക്കുന്നില്ലെങ്കിൽ, ജീവിതത്തോടുള്ള അവന്റെ ബന്ധത്തെ ദൃഢമാക്കുന്നില്ലെങ്കിൽ, പുരോഗതിയെ സഹായിക്കുന്നില്ലെങ്കിൽ, വായനക്കാരുടെ സമയനഷ്ടത്തിനും ധനനഷ്ടത്തിനും ആ എഴുത്തുകാരൻ ഉത്തരവാദിയാണ്. നമ്മളാരും "ഭാഷയോടുള്ള കടമ" നിർവ്വഹിക്കുവാൻവേണ്ടി എഴുതരുതു്. ഭാഷയോട് ആർക്കും ഒരു കടമയുമില്ല. നമ്മുടെ കടമ, നമ്മുടെ സഹജീവികളോടാണ്, ഇരുളിൽ നിൽക്കുന്നവർക്കു വെളിച്ചം കൊടുക്കുക, ആലസ്യത്തിലാണ്ടുകിടക്കുന്നവർക്കു ചൈതന്യം കൊടുക്കുക, മുന്നോട്ടു പോകുവാൻ കെല്പില്ലാത്തവരിൽ ഊർജ്ജസ്വലതയുണ്ടാക്കുക, ഭീരുക്കൾക്കു ധൈര്യം കൊടുക്കുക—അതൊക്കെയാണ് നമ്മുടെ കടമകൾ. അതുകൊണ്ടു്, നോവലെഴുതണോ, നാടകമെഴുതണോ എന്നുള്ളതല്ലാ, എന്തിനെപ്പറ്റി എഴുതണമെന്നുള്ളതാണ് നാം പ്രഥമമായും പ്രധാനമായും ആലോചിക്കേണ്ടതു്. എന്തിനെപ്പറ്റി എഴുതണമെന്നു തീർച്ചപ്പെടുത്തിയതിനു ശേഷമേ, എങ്ങിനെ എഴുതണമെന്നുള്ള പ്രശ്നം ആവിർഭവിക്കുകയുള്ളു.

നാം വിദേശഭരണമാകുന്ന ഭാരമേറിയ നുകത്തിന് കീഴിൽ അമർന്നു കിടക്കുന്ന ഒരു ജനതയാണ്. ഇരുനൂറിലധികം കൊല്ലങ്ങളിലെ ഈ രാഷ്ട്രീയാടിമത്വം, നമ്മുടെ ജീവിതത്തിന്റെ എല്ലാ തുറകളിലും വ്യാപിച്ചുകിടക്കുന്നു. നമ്മളിൽ അധികം പേരും, സ്വാതന്ത്ര്യത്തെപ്പറ്റി ഭാവന ചെയ്യുവാൻപോലും കഴിവില്ലാത്തവരായി തീർന്നു. നമ്മുടെ ശരീരം മാത്രമല്ല, ആത്മാവും ബന്ധിക്കപ്പെട്ടിരിക്കുകയാണ്. ഈ വിഷയത്തിൽ മറ്റാരേക്കാളും കൂടുതലായി സാഹിത്യകാരന്റെ ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. നമ്മുടെ നോക്കിലും, വാക്കിലും, ഇരിപ്പിലും, നടപ്പിലും, വിചാരങ്ങളിലും, അടിമത്വം മുഴച്ചുനില്ക്കുന്നതു കാണാം. നിയമത്തിന്റെ പേരിലുള്ള അടിമത്വം ആചാരങ്ങളുടെ പേരിലുള്ള അടിമത്വം, വിശ്വാസങ്ങളുടെ പേരിലുള്ള അടിമത്വം എന്നുവേണ്ട, നമ്മുടെ ഉള്ളിലും പുറത്തും അടിമത്വം മുറ്റിനില്ക്കുകയാണ്. സാഹിത്യത്തിന്റെ മാന്ത്രികശക്തിക്കു മാത്രമേ, ജനതയുടെ ആത്മാവിൽ പറ്റിപ്പിടിച്ചിരിക്കുന്ന ഈ അടിമത്വത്തെ തുത്തുകളയുവാൻ കഴിയൂ. എന്തുകൊണ്ടെന്നാൽ മനുഷ്യഹൃദയത്തിന്റെ ഉള്ളിലേക്കു ചുഴിഞ്ഞുകയറുവാൻ കലാകാരനാണു സാമർത്ഥ്യമേറുന്നതു്.

കലാകാരൻ ഏറ്റവുമധികം വെറുക്കുന്ന ശത്രു, അടിമത്വമാണ്. അടിമത്വത്തെ ആട്ടിപ്പായിക്കുവാൻവേണ്ടി, അടിമത്വത്തിനു നിശിതമായ അടികൾ കൊടുക്കുവാൻവേണ്ടി, കലാകാരൻ ഏതൊരു ക്ലേശവും സഹിച്ചുകൊള്ളും; അതിനുവേണ്ടി അയാൾ ഏതൊരു ത്യാഗത്തിനും സന്നദ്ധനായിരിക്കും. അടിമത്വത്തെ അനുഗ്രഹമായി വ്യാഖ്യാനിച്ച്, ചവിട്ടുന്നവന്റെ പാദം നക്കുന്നവരാരും കലാകാരന്മാരെന്ന പേരിനർഹരല്ല. അത്തരം കലാഭാസന്മാർ എന്നും എവിടെയും ഉണ്ടാകാറുണ്ടു്. അധികാരിവർഗ്ഗത്തിന്റെ സേവപിടിച്ച് "വയറുപിഴപ്പ്" നടത്തുന്ന അത്തരക്കാർ ഇനിയും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. വെള്ളത്തിലെ കുമിളകൾപോലെ അവർ ജനിക്കുകയും മരിക്കുകയും ചെയ്തുകൊള്ളട്ടെ. പ്രതിഭാശാലികളായ കലാകാരന്മാർ, സ്വാതന്ത്ര്യഭടന്മാർ—അവരുടെ നേതൃത്വത്തിലാണ് നമ്മുടെ സാഹിത്യം വളരേണ്ടതു്.

അടിമത്വം ബഹുമുഖങ്ങളുള്ള ഒരു ചെകുത്താനാണ്. അതുകൊണ്ടു് എല്ലാവശങ്ങളിൽകൂടിയും തുല്യശക്തിയോടു കൂടി എതിർത്താൽ മാത്രമേ അടിമത്വത്തെ തോൽപ്പിക്കുവാൻ കഴിയൂ. അടിമത്വത്തിന്റെ ഏതെങ്കിലും ഒരു മുഖം മാത്രം കാണുന്നവർ, അതിൽ മാത്രം ദ്വേഷം ഭാവിക്കുന്നവർ — അങ്ങനെ ഒരു തരം സ്വാതന്ത്ര്യവാദികളുണ്ടു്. അവർ അടിമത്വത്തിന്റെ പക്ഷവാദികളെക്കാൾ ആപൽക്കാരികളാണ്. ഒരു ഭാഗത്തെ അസ്വാതന്ത്ര്യത്തെ എതിർക്കുകയും ഇതര ഭാഗങ്ങളിലെ അസ്വാതന്ത്ര്യത്തെ അനുഗ്രഹിക്കുകയും ചെയ്യുന്നവർ അടിമത്വത്തിന്റെ തന്ത്രശാലികളായ ഏജൻറന്മാരാകുന്നു. ഊണിലും ഉറക്കത്തിലും വിദേശഭരണത്തെ ശപിക്കുന്ന ചില ദേശീയവാദികൾ സാമൂഹ്യവും സാമ്പത്തികവുമായ അടിമത്വത്തെ നിലനിർത്തുവാൻ വെമ്പൽകൊള്ളുന്നതു നാം കാണാറുണ്ടല്ലോ. അതുപോലെതന്നെ സാമൂഹ്യമായ അസമത്വങ്ങളെ വീറോടുകൂടി എതിർക്കുന്ന ചിലർ ഭരണാധികാരികളുടെ മുമ്പിൽ മുട്ടുകുത്തിനിന്നു യാചിക്കുന്നതും നാം കാണാറുണ്ടു്. സാഹിത്യകാരന്മാർ അത്തരത്തിലുള്ള സ്വാതന്ത്ര്യവാദികളാകുവാൻ പാടില്ല. അടിമത്വത്തെ അതിന്റെ ബഹുമുഖങ്ങളിൽകൂടി കാണുവാനും എതിർക്കുവാനും അയാൾക്കു കഴിവുണ്ടാകണം. എവിടെ അസ്വാതന്ത്ര്യമുണ്ടോ അതിനെതിരായി സാഹിത്യകാരന്റെ ശബ്ദം മുഴങ്ങണം. നമ്മുടെ നോവലുകളിലായാലും നാടകങ്ങളിലായാലും ചെറുകഥകളിലായാലും കവിതകളിലായാലും സ്വാതന്ത്ര്യത്തിന്റെ സന്ദേശം ഉച്ചത്തിൽ കേൾക്കുമാറാകണം. നമ്മുടെ സാഹിത്യകാരന്മാർ അടിമത്വത്തിന്റെ വൈരൂപ്യത്തെയും, സ്വാതന്ത്ര്യത്തിന്റെ സൗന്ദര്യത്തെയും വാക്കുകളാകുന്ന ചായങ്ങൾകൊണ്ടു് ചിത്രീകരിക്കണം; വങ്കത്തവും ക്രൗര്യവും നിറഞ്ഞ യജമാനനേയും, സ്വാതന്ത്ര്യത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യുന്ന അടിമയേയും വരച്ചു കാണിക്കണം. റിയലിസത്തിന്റെ പേരിൽ ഒരു തരം നിർവികാരത്വവും നിഷ്പക്ഷതയും നമ്മുടെ സാഹിത്യത്തിൽ കടന്നുകൂടിയിട്ടുണ്ടു്. കാണുന്നതിനെ അതേപടി പകർത്തുക എന്നതാണ് അവരുടെ മുദ്രാവാക്യം. അതു സാഹിത്യകാരന്റെ ധർമ്മമല്ല; പകർപ്പെഴുത്തുകാരുടെ ജോലിയാണ്. അതു കലാസൃഷ്ടിയല്ല; ഫോട്ടോ എടുക്കലാണ്. സാഹിത്യകാരൻ യാഥാർത്ഥ്യങ്ങളെ നിഷ്പക്ഷനിലയിൽ കണ്ടാൽ പോരാ. സ്വാതന്ത്ര്യഭടനെന്ന നിലയിൽ കാണണം; സ്നേഹത്തിന്റെ ദൂതനെന്ന നിലയിൽ കാണണം; ഹൃദയംകൊണ്ടു കാണണം. എങ്കിലേ നിലവിലുള്ള യാഥാർത്ഥ്യങ്ങളെ സ്വാതന്ത്ര്യത്തിന്റെയും സ്നേഹത്തിന്റെയും വെളിച്ചത്തിൽ പരിശോധിക്കുവാൻ അയാൾക്കു് സാധിക്കൂ.

നിഷ്പക്ഷത, ഒന്നുകിൽ ആത്മവഞ്ചനയാണ് അല്ലെങ്കിൽ പരവഞ്ചനയാണ്. ഒരു മനുഷ്യനും നിഷ്പക്ഷനിലയെ അവലംബിക്കുവാൻ സാദ്ധ്യമല്ല. സാഹിത്യകാരനും മനുഷ്യനായതുകൊണ്ടു് അയാൾക്കും അതു സാദ്ധ്യമല്ല. ചിലർ നിഷ്പക്ഷതയെന്ന ആത്മവഞ്ചനയിൽ അകപ്പെടുന്നു. വേറെ ചിലർ നിഷ്പക്ഷത ഭാവിച്ച് പരവഞ്ചന ചെയ്യുന്നു. എങ്ങനെയായാലും നിഷ്പക്ഷത വഞ്ചനയാണ്. സാഹിത്യകാരൻ വഞ്ചകനാകരുതു്. അയാൾ എപ്പോഴും മർദ്ദിതരും ചൂഷിതരും ആയ ആളുകളുടെ പക്ഷത്തുനിൽക്കണം; അവരുടെ വികാരങ്ങളുടെയും വിചാരങ്ങളുടെയും ആഗ്രഹങ്ങളുടെയും ഉച്ചഭാഷിണിയാകണം. അവരിൽ സ്വാതന്ത്ര്യബോധവും ജീവിതാശയും വളരണം, അവർക്ക് ഉത്തമജീവിതത്തിന്റെ മാതൃകകൾ കാണിച്ചുകൊടുക്കണം.

നമ്മുടെ സാഹിത്യകാരന്മാർ വീരപുരുഷന്മാരെ സൃഷ്ടിക്കുവാൻ ഇനിയും ആരംഭിച്ചിട്ടില്ല. ആദർശത്തിനുവേണ്ടി ആത്മാർപ്പണം ചെയ്യുന്നവരും, സ്വാതന്ത്ര്യത്തിനുവേണ്ടി കഴുകുമരത്തെ ചുംബിക്കുന്നവരും, സ്നേഹത്തിനു വേണ്ടി ത്യാഗം സഹിക്കുന്നവരും, ഭാരതത്തിൽ അത്ര അപൂർവമല്ല. റിയലിസത്തിന്റെ പേരിൽ നിഷ്പക്ഷത ഭാവിക്കുന്നവരാരും ആ വീരപുരുഷന്മാരിലാരെയും കാണാത്തതെന്തെന്നു ഞാൻ അത്ഭുതപ്പെടുന്നു! കണ്ണുകാണാത്ത മുത്തശ്ശിചുടുന്ന അപ്പമൊന്നും വലുതാകാതെ എല്ലാം ചെറുതായിരിക്കുന്നതുപോലെയാണ് ഇക്കൂട്ടരുടെ നിഷ്പക്ഷത. വർത്തമാനകാലത്തോടു ബന്ധമില്ലാത്ത, ജീവിതത്തിൽനിന്നു അകന്നു നിൽക്കുന്നവരായ, വീരപുരുഷന്മാരെ സൃഷ്

ടിക്കണമെന്നല്ല ഞാൻ പറയുന്നത്. ഭാസുരമായ ഭാവിയെ സൃഷ്ടിക്കുവാൻ വേണ്ടി സമരം ചെയ്തു മരിക്കുന്നവരും, സമരംചെയ്തു ജയിക്കുന്നവരുമായ വീരപുരുഷന്മാർ ഇന്നുമുണ്ട്. അത്തരം മാതൃകകളെയാണ് സാഹിത്യകാരന്മാർ സൃഷ്ടിക്കേണ്ടത്. ജനങ്ങളിലുള്ള സാമൂഹ്യബോധത്തെയും, സാഹോദര്യത്തെയും, സ്നേഹത്തെയും വളർത്തുവാൻ, സാഹിത്യകാരന്മാർ അനവധി വീരപുരുഷന്മാരെ സൃഷ്ടിക്കേണ്ടിയിരിക്കുന്നു.

"മതത്തിന്റെ സ്ഥാനത്ത് സാഹിത്യത്തെ പ്രതിഷ്ഠിക്കണം." എന്ന് പ്രൊഫസർ രാധാകൃഷ്ണൻ ഒരിക്കൽ പറയുകയുണ്ടായി. ശരിയാണത്. നരകത്തെ കാണിച്ചു ഭയപ്പെടുത്തി മനുഷ്യരെ സന്മാർഗ്ഗികളാക്കുവാനുള്ള ശ്രമം പരാജയപ്പെട്ടുകഴിഞ്ഞു. സ്വർഗ്ഗനരകങ്ങളുടേയും, ഈശ്വരന്റെതന്നെയും അസ്തിക്യത്തെ ചോദ്യം ചെയ്യത്തക്കവിധം സാമാന്യജനങ്ങളുടെ ബുദ്ധിശക്തി വികസിച്ചുതുടങ്ങിയിട്ടുണ്ട്. അതുകൊണ്ട് മനുഷ്യനെ നല്ലവരാക്കുവാൻ ഭീഷണികൾ കൊണ്ടു സാദ്ധ്യമല്ലെന്നു തെളിഞ്ഞുകഴിഞ്ഞു. മതത്തിന്റേതിൽനിന്നു വിഭിന്നമായ ഒരുതരം സ്വാധീനശക്തിയാണ് സാഹിത്യം മനുഷ്യരുടെമേൽ ചെലുത്തുന്നത്. കാമുകിയേപ്പോലെയൊ, സുഹൃത്തിനെപ്പോലെയൊ ആണ് സാഹിത്യം മനുഷ്യഹൃദയങ്ങളെ തലോടുന്നത്. സാഹിത്യം മനുഷ്യരെ ഭയപ്പെടുത്തുകയില്ല; അത്, അവന്റെ ദുഃഖങ്ങളിൽ സഹതപിക്കും. അവന്റെ കണ്ണുനീർ തുടച്ചുകളയും; അവന്റെ പ്രയാസങ്ങളെ മനസ്സിലാക്കും; അവന്റെ തെററുകളെ ചൂണ്ടിക്കാണിക്കും; അവനു മാർഗ്ഗോപദേശം ചെയ്യും; അവനു കരളുറപ്പുനൽകും; അതുകൊണ്ടാണ്, മതത്തിന്റെ സ്ഥാനത്തു സാഹിത്യത്തെ പ്രതിഷ്ഠിക്കണമെന്നു സർ. രാധാകൃഷ്ണൻ പറഞ്ഞത്. അത്തരം സാഹിത്യം സൃഷ്ടിക്കുക എന്ന പ്രയാസമേറിയ ചുമതലയാണ് നമ്മുടെ സാഹിത്യകാരന്മാർക്കുള്ളത്. വിശ്രമവേളകളിൽ വിനോദത്തിനുവേണ്ടിയൊ, ഭാഷയോടു കടമതീർക്കുവാൻ വേണ്ടിയോ, കറവു പരിഹരിക്കുവാൻവേണ്ടിയൊ എഴുതിക്കൂട്ടുന്ന ചവറുകൾക്കൊന്നും മതത്തിന്റെ സ്ഥാനം കൈവശപ്പെടുത്തുവാൻ സാദ്ധ്യമല്ല. അത്തരം കൃതികൾ, പാഠ്യപുസ്തകക്കമ്മററികളുടെ അംഗീകാരത്തിനുശേഷം സർക്കാർ സാഹിത്യമായിത്തീരുമെന്നേ ഉള്ളു.

നമ്മുടെ പൂർവികന്മാരുടെ ബുദ്ധിശക്തിയെയൊ സൃഷ്ടിപാടവത്തെയൊ അവഗണിക്കാതെ, അവരോടുള്ള സ്നേഹത്തിനും ബഹുമാനത്തിനും കുറവുവരാതെ, അവരുടെ ജീവിതനിഷേധവാദത്തെ നാം ശക്തിയായി എതിർക്കേണ്ടിയിരിക്കുന്നു. ലോകം മിഥ്യയാണെന്നും, ജീവിതം ദുരിതപൂർണ്ണമാണെന്നും, ആശയാണു ദുഃഖകാരണമെന്നും പൂർവ്വികന്മാർ നമ്മെ പഠിപ്പിച്ചു. ഈ നിഷേധതത്വശാസ്ത്രത്തിന്റെ അംശങ്ങൾ ഓരോ ഭാരതീയനിലും കാണാവുന്നതാണ്. തന്നിമിത്തം ജീവിതത്തോടു സുദൃഢമായ ബന്ധമില്ലാതെ, നാം കർമ്മവിമുഖരായി, ഉദാസീനരായിത്തീർന്നു. ജീവിതത്തെ സ്നേഹിക്കുന്നില്ലെങ്കിൽ, ആശകളും പ്രതീക്ഷകളുമില്ലെങ്കിൽ, ജീവിതത്തിനൊരു സ്തംഭനമാണുണ്ടാവുക. ഈ സ്തംഭനാവസ്ഥയിൽ ഭാരതം പല നൂററാണ്ടുകൾ കഴിഞ്ഞുകൂടി. ഇന്ത്യയിലെ വിദേശഭരണം ഇത്രനാൾ നീണ്ടുനിന്നതിനും മറെറാന്നുമല്ല കാരണം. മിഥ്യയായ ലോകത്തെ ആരുഭരിച്ചാലെന്ത്, ഭരിച്ചില്ലെങ്കിലെന്ത്! — അതായിരുന്നു നമ്മുടെ മനോഭാവം. ദുരിതപൂർണ്ണമായ ജീവിതത്തെ അവസാനനിമിഷംവരെ വല്ലവിധേനയുമങ്ങു വലിച്ചിഴച്ചുകൊണ്ടുപോകണമെന്നേ നാം കരുതിയുള്ളു. തന്നിമിത്തം, ജീവിതത്തെ വലിച്ചിഴച്ചുകൊണ്ടുപോകുവാൻ പോലും സാദ്ധ്യമല്ലാത്ത ഒരു നിലയിൽനാം എത്തിയിരിക്കുന്നു. തത്വചിന്തകന്മാരും, ശാസ്ത്രകാരന്മാരും, രാജ്യമീമാംസകന്മാരും, സാഹിത്യകാരന്മാരും ഒത്തുചേർന്നാൽ മാത്രമേ, ആപൽക്കരമായ ഈ നിഷേധവാദത്തിൽനിന്ന് ഭാരതീയ ജനതയെ മോചിപ്പിക്കുവാൻ സാധിക്കൂ. സാഹിത്യകാരനാണ് മററാരേക്കാളും കൂടുതലായി ഈവിഷയത്തിൽ പ്രവൃത്തിക്കുവാൻ കഴിവുള്ളത്. സ്നേഹിക്കുവാനും ആശിക്കുവാനും കഴിവില്ലാത്ത വ്യക്തികളൊ, ജനതകളൊ, ജീവിച്ചിട്ടില്ല; ജീവിക്കുകയുമില്ല. അതുകൊണ്ട്, നമ്മുടെ സാഹിത്യകാരന്മാർ സ്നേഹിക്കുവാനും ആശിക്കുവാനും ആണ് ജനങ്ങളെ പഠിപ്പിക്കേണ്ടത്.

പത്രപ്രസിദ്ധീകരണത്തിനുള്ള ഈ ലേഖനം ഇനി ദീർഘിപ്പിക്കുന്നില്ല.

——

ഡി. സി

# പുതിയരണ്ടാം പാഠം

(ഹാസ്യലേഖനം)

( രണ്ടാം ക്ലാസ്സിലേയ്ക്കുള്ള പാഠപ്പുസ്തകം എഴുതിയുണ്ടാക്കുവാൻ ഡോക്ടർ കെ. ഗോദവർമ്മ, ശൂരനാട്ടു കുഞ്ഞൻപിള്ള, എ. എൻ. സത്യനേശൻ മുതലായവരെ നിയമിച്ചിരിക്കയാണല്ലോ. ഇവർ ഓരോരുത്തരും എഴുതുവാനിടയുള്ള ഓരോ പാഠത്തിന്റെ സാമ്പിൾ ഈ വിനോദ ലേഖനത്തിലൂടെ കാണിക്കുന്നു. )

## പാഠം 1

## എഴുത്തച്ഛൻ

ആധുനാതന പദ്യസാഹിത്യത്തിനു മാർഗ്ഗദർശനം ചെയ്ത വീരാഗ്രണികളിൽ പ്രഥമാഗ്രേസരനായിരുന്നു കൈരളീഭക്തന്മാരുടെ അവഗാഢമായ സ്മരണയ്ക്കും പൂജയ്ക്കും നിരവധി സഹസ്രാബ്ധങ്ങളിലേയ്ക്കു പാത്രമായ ശ്രീമത് തുഞ്ചത്ത് എഴുത്തച്ഛൻ. തുഞ്ചത്തു ഗുരുപാദരുടെ ജീവിത കാലത്തെപ്പററി പി. കെ. നാരായണപിള്ള, ആർ നാരായണപ്പണിക്കർ, ഉള്ളൂർ പരമേശ്വരയ്യർ തുടങ്ങിയ പണ്ഡിതവരേണ്യരുടെ ഇടയിൽ അഭിപ്രായൈക്യം കാണുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. ചുരുങ്ങീതു, നീങ്ങീതു, ഏറുന്നീതു എന്നീ രീതിയിൽ അതു, ഏതു എന്നിവയുടെ ദീർഘീകൃത രൂപങ്ങൾ ചേർത്തിട്ടുള്ള പൂർണ്ണ ക്രിയകളും, ചെല്ലത്തുടങ്ങി', എഴുത്തുടങ്ങി 'സൊല്ലുവല്ലേൻ' എന്നിങ്ങനെ ധാതുവിനോടു 'അ' ചേർന്നുള്ള മുൻ പിൻ വിനയെച്ചങ്ങളും ധാതുഗതമായ 'മ' യുടെ നടുവിനയെച്ചവും, താരാട്ട്, മാരേട്ടു തുടങ്ങിയ നിഷേധ രൂപങ്ങളും തേമ്പാത മീമ്പാറ തുടങ്ങിയുള്ള നിഷേധ പേരെച്ചങ്ങളും എഴുത്തച്ഛന്റെ കൃതികളിൽ കാണാത്തതുകൊണ്ട്, അദ്ദേഹം കൃഷ്ണഗാഥാകർത്താവിനു പിൻപു ജീവിച്ചിരുന്നു വെന്നു അനിഷേധ്യമായി തെളിയുന്നു. മലയാളപദങ്ങളുടെ മൂലത്തെ തൽസമ രീതിയിലും തദ്ഭവ രീതിയിലും സമീകരിച്ചു സംസ്കൃത ഭാഷയിലെ പ്രത്യയങ്ങൾ ചേർത്തു നിഷ്പാദിച്ചിട്ടുള്ള പദങ്ങൾ നമ്പ്യാരുടെ കൃതികളിൽ നിരവധികളത്രെ. കുഞ്ചൻ നമ്പ്യാരുടെ കൃതികളിൽ കാണാത്ത രൂപ വൈവിധ്യം പ്രാസസിദ്ധിക്കോ വൃത്തപൂർത്തിക്കോ വേണ്ടി എഴുത്തച്ഛൻ പ്രയോഗിച്ചിരിക്കുന്നതിൽ നിന്നും അദ്ദേഹം കുഞ്ചനു മുൻപ് ജീവിച്ചിരുന്നുവെന്നും ദ്വേധാ തെളിയിക്കാം.

"ദിപശാപചവിപദാണ്ടൊ
രു നിജ വംശവുമഖിലം
വ്രജവാണ്ണുവ സല്ലിലേ പരമ
മപാത്യപച സഹസാ"

എന്നതിൽ നിന്നും എഴുത്തച്ഛൻ കൃഷ്ണഗാഥാകർത്താവിന്റെയും നമ്പ്യാരുടെയും ഇടയ്ക്കു ജീവിച്ചിരുന്നുവെന്നു കണക്കാക്കാം.

—ഡോക്ടർ കെ. ഗോദവർമ്മ
എം. എ. പിഎച്ച്. ഡി.
(ലണ്ടൻ.)

## പാഠം 2

## കേരളം

ചിന്താ രഥത്തെ ഭൂതകാല ചരിത്ര പഥത്തിൽ കൂടി പിറകോട്ടു പായിച്ചാൽ അതിന്റെ അധികം ഭാഗവും ഇരുളടഞ്ഞ മഹാ വനങ്ങൾ കൊണ്ടു ദുർഗ്ഗമമായിക്കാണാം. മനുഷ്യസമുദായത്തിന്റെ ഉത്പത്തിയെക്കുറിച്ചുള്ള വിചാരം ചരിത്രത്തിന്റെ മണ്ഡലത്തിൽ നിന്നു വേറിട്ടു നരവർഗ്ഗശാസ്ത്രത്തിലും പിന്നീടു ലോകസൃഷ്ടിയിലും ചെന്നുചേരുന്നതാണ്. ലോകസൃഷ്ടിയിൽനിന്നും കേരളസൃഷ്ടിയിലേയ്ക്കുള്ളമാർഗ്ഗം സുഗമമത്രെ. കൊ. വ. 416-ൽ വീരകേരളവർമ്മ തിരുവടിയുടെ വിതുരാശാസനത്തിൽ ഗ്രാമസഭയെപ്പററിയും സഭാധിപതിയായ വിഷ്ണുതിരുമേനിയെപ്പററിയുംപറഞ്ഞിരിക്കുന്നു കൊ. വ. 471-ാമാണ്ടത്തെ വെള്ളായണി ശാസനത്തിലും അരുന്നൂററവരെപററി പറഞ്ഞിരിക്കുന്നു. 509-ാമാണ്ടത്തെ മണലിക്കരശാസനത്തിൽ നിന്നു പത്മനാഭസ്വാമിക്ഷേത്രത്തെപ്പററിയും തദ്വാരാ കേരളത്തെപ്പററിയും ഗ്രഹിക്കുവാൻ കഴിയും. ന്യൂഹോപ്പ് വാസ്കോടിഗാമയെ കണ്ടത് ബാർബോസായുടെ സന്ദർശനത്തിനു ഒന്നരശതാബ്ദം മുമ്പായിരുന്നതിനാൽ അന്നു കേരളം സൃഷ്ടിക്കപ്പെട്ടിരുന്നുവെന്ന് ഊഹിക്കാം. പോർട്ടുഗീസുകാരുടെ ആഗമനത്തിനു മുമ്പുള്ള ഏതാനംശതകങ്ങളാണു നമ്മുടെ ചരിത്രത്തിന്റെ സുവർണ്ണ ഏടുകൾ. അന്നത്തെ കേരളരാജാവ് വീരകേരളവർമ്മ തിരുവടികളായിരുന്നു. കേരളത്തിൽ വെള്ളക്കാർ വരുന്നതിനു മുമ്പു ഭൂനികുതി ഇല്ലായിരുന്നുവെന്ന ധാരണ അബദ്ധമാണ്. 'നീലപ്പീലിത്തഴകൾ ചുഴലുന്ന' എന്ന ഉണ്ണുനീലി സന്ദേശഭാഗംകൊണ്ട് ഇത് വ്യക്തമാകുന്നതാണ്.

—ശൂരനാട്ടു കുഞ്ഞൻപിള്ള
എം. എ. (ഇംഗ്ലീഷ്) എം.എ. (സംസ്കൃതം) എം.എ. (മലയാളം.)

[redacted] അക്കമ്മ ചെറിയാൻ

# ശിശുക്കളും സാമൂഹ്യാചാരങ്ങളും

കുട്ടികളുടെ ആളത്വവികാസത്തിനു അപരിത്യാജ്യമായ മറെറാരു ഘടകമാണ് ശ്രദ്ധാശീലമെന്നുള്ളതു്. "ശ്രദ്ധയുടെ പ്രയോജനം" പ്രായോഗിക ജീവിതത്തിൽ എത്രമാത്രമുണ്ടെന്നും അതു കുട്ടികളുടെ ശരിയായ വളർച്ചയ്ക്കു് അനപേക്ഷണീയമാണെന്നും നാം അറിഞ്ഞിരിക്കേണ്ടതാണ്. അവർ ചെയ്യുന്ന സാധാരണ ജോലികളിൽ ചില അതിർത്തി കല്പിക്കുന്നപക്ഷം അതനുസരിച്ചു് സൂക്ഷ്മമായി പ്രവർത്തിക്കുന്നതിനു് അവർ ശീലിക്കും. മേശ കഴുകുന്നതിനായി ഒരു കുട്ടി ഭാവിക്കുന്നുവെന്നിരിക്കട്ടെ. അതുകഴുകുമ്പോൾ ഒരുതുള്ളി വെള്ളംപോലും താഴെ വീഴാതിരിക്കുന്നതിനു് ആ കുട്ടി ശ്രദ്ധിക്കണമെന്നു പ്രത്യേകിച്ചു നിർദ്ദേശിക്കുന്നപക്ഷം അതനുസരിച്ചു് ആ പ്രവർത്തനത്തിൽ അത്യന്തം സൂക്ഷ്മതയോടെ ആ കുട്ടി പ്രവർത്തിക്കാൻ ശ്രമിക്കുന്നതായി കാണാം. അങ്ങനെ ക്രമേണ ഓരോ കാര്യവും ശ്രദ്ധയോടെ ചെയ്യുന്നതിനുള്ള പ്രാപ്തി കുട്ടികൾക്കുണ്ടാകുന്നതാണ്.

കുട്ടികളുടെ സാമൂഹ്യജീവിതം സംബന്ധിച്ചുള്ള കാര്യവും ഇതോടനുബന്ധിച്ചു ചിന്തിക്കേണ്ട ഒന്നാണ്. ഒരു കുട്ടിയുടെ ആളത്വം അനേകആളത്വങ്ങളുടെ മദ്ധ്യത്തിലാണ് സ്ഥിതിചെയ്യുന്നതു്. അതിനാൽ മററുള്ള കുട്ടികളുടെ കൂട്ടത്തിൽ ജീവിക്കേണ്ടതു് എങ്ങനെയെന്നു് ശീലിക്കേണ്ടതാണ്. ഒരു കാര്യം അടിസ്ഥാനപ്രമാണമായി വയ്ക്കേണ്ടതായിട്ടുണ്ടു്. അതായതു് ഒരു കുട്ടി അപരന്റെ പക്കൽനിന്നു് യാതൊരു ഉപകരണവും ഒരിക്കലും എടുത്തുപയോഗിക്കുവാൻ പാടുള്ളതല്ല എന്നൊരു നിയമം വയ്ക്കുകയും കുട്ടികൾ അതനുസരിച്ചു ചെയ്യുകയും വേണം. ഓരോ ഉപകരണവും അതാതിരിക്കുന്ന സ്ഥലത്തുനിന്നെടുക്കുകയും അവിടവിടെ തിരിയെ വയ്ക്കുകയുംചെയ്യുന്നതിനു് അഭ്യസിപ്പിക്കണം. ഒരു കുട്ടി ഏതെങ്കിലുമൊരു സാധനമുപയോഗിച്ചുകൊണ്ടിരിക്കുമ്പോൾ മറെറാരാളിനു് അതു് വേണമെന്നുണ്ടെങ്കിൽ ആദ്യത്തെ കുട്ടി അതുപയോഗിച്ചതിന്റെ ശേഷം അതു വയ്ക്കേണ്ട സ്ഥാനത്തു വയ്ക്കുന്നതുവരെ രണ്ടാമത്തെ കുട്ടി കാത്തുനിൽക്കേണ്ടതാണ്. ആ സ്ഥലത്തു നിന്നുമാത്രമേ പ്രസ്തുത വസ്തു എടുക്കുവാൻ പാടുള്ളൂ. ഇങ്ങനെയുള്ള നിർദ്ദേശങ്ങളനുസരിച്ചു് കുട്ടികളെ അഭ്യസിപ്പിക്കുമ്പോൾ കുട്ടികൾക്കു് ആത്മനിയന്ത്രണവും മററുള്ളവരോടുള്ള ബന്ധത്തിൽ അനുവർത്തിക്കേണ്ട സാമൂഹ്യജീവിത നിയന്ത്രണവും സ്വയം ലബ്ധമാകുന്നതത്രെ. അനേകം കാര്യങ്ങൾ പ്രവർത്തിക്കുന്നതിനുള്ള അറിവും അവർ സമ്പാദിക്കും. സ്ഫടികപാത്രത്തിൽ വെള്ളംനിറയ്ക്കുക, പൂച്ചട്ടിയിൽ പൂവയ്ക്കുക മുതലായ ജോലികൾ അനായാസേന എത്രയും ഭംഗിയായി ചെയ്യുന്നതിനുള്ള കഴിവു അവർക്കുണ്ടാകും. ചുററുപാടുകൾക്കനുസരിച്ചു സ്വയം സൂക്ഷിക്കുന്നതിനുള്ള പ്രാപ്തിയും അവർക്കു സിദ്ധിക്കുന്നതാണ്. ഇങ്ങനെ കുട്ടികളുടെ മുമ്പിൽ അവർക്കു ചെയ്യേണ്ട അനേകകൃത്യങ്ങൾ ഉണ്ടായിരിക്കുമ്പോൾ അവരുടെ ഔചിത്യബുദ്ധിയനുസരിച്ചു് ചെയ്യുവാനുള്ള ഒരു കഴിവു അവർക്കുണ്ടാകുകയും ഇന്നിന്ന കാര്യങ്ങൾ ചെയ്യുക എന്നു അദ്ധ്യാപിക പറയാതെ അവർ ഓരോന്നും ക്രമമായി പ്രവർത്തിക്കുകയും ചെയ്യുന്നതു് കാണാവുന്നതത്രെ. രാവിലെ പാഠശാലയിൽ വരുന്ന കുട്ടികൾ അവരുടെ ജോലികൾ മററുള്ളവരുടെ നിർദ്ദേശം കൂടാതെതന്നെ ചെയ്യുവാനാരംഭിക്കും. അങ്ങനെ സ്വാതന്ത്ര്യത്തിന്റെ തണലിൽ കുട്ടികൾ വളർന്നുവരുന്നതിനുള്ള ഒരു രംഗമായി പള്ളിക്കൂടം കാണപ്പെടുന്നു. ഇതത്രെ മോണ്ടിസ്സോറി വിദ്യാലയം. ഇവിടെ കുട്ടികൾ പ്രവൃത്തിന്മുഖരായും അദ്ധ്യാപകർ കർമ്മരഹിതരായും ഇരിക്കുന്നതു കാണാം.

### ശിശുക്കളും ആചാരമര്യാദകളും

കുട്ടികൾ സാമൂഹ്യജീവിതത്തിൽ അനുവർത്തിക്കേണ്ട ആചാരമര്യാദകളും അവർ അഭ്യസിച്ചിരിക്കേണ്ടതാണ്. വിവിധതരത്തിലുള്ള ആളുകളെ അഭിവാദനം ചെയ്യുന്നരീതിയാ

## പാഠം മൂന്ന്
## റബ്ബർച്ചെടി

ഭാരതത്തിലെ 561 നാട്ടുരാജ്യങ്ങളിൽവച്ചു ഏററവും അധികമായി റബ്ബർച്ചെടി വിളയുന്നതു് തിരുവിതാംകൂർ സംസ്ഥാനത്താണ്. വിദ്യാഭ്യാസത്തിലെന്നപോലെതന്നെ ഉന്നതമായ ഒരു നിലയാണ് തിരുവിതാംകൂറിനുള്ളതു്. റബ്ബർച്ചെടികൾ ധാരാളമായി നട്ടുപിടിപ്പിക്കുന്നതിൽ മുന്നിട്ടുനിന്നതു തിരുവിതാംകൂറിലെ സുറിയാനിക്രിസ്ത്യാനികളാണെന്നു വരുത്തിവെയ്ക്കുവാനുള്ള കുത്സിതശ്രമങ്ങൾ ചില സ്ഥാനങ്ങളിൽ നിന്നു പുറപ്പെട്ടിട്ടുണ്ടു്. നമ്മുടെ ഗവർമ്മെൻറിന്റെ സാമർത്ഥ്യംകൊണ്ടു് അതെല്ലാം പരാജയപ്പെടുകയാണുണ്ടായതു്. റബ്ബർ വെച്ചുപിടിപ്പിക്കേണ്ട കാലങ്ങളിൽ അവർ സ്റ്റേറ്റുകോൺഗ്രസ്സം ചുമന്നുകൊണ്ടു നടക്കുകയായിരുന്നുവെന്നു് ആരും അറിഞ്ഞുകൂടാത്തതു്. അതുപോലെതന്നെ റബ്ബറിന്റെ ഉല്പാദനം ഏററവും അത്യാവശ്യമായിരുന്ന കാലഘട്ടത്തിൽ വടക്കൻതിരുവിതാംകൂറിലെ പ്രക്ഷോഭകതുകികളായ ക്രിസ്ത്യാനികൾ വിദ്യാഭ്യാസ പ്രക്ഷോഭണവുമായി ഗവർമ്മെൻറിനെ തകിടംമറിക്കാമെന്നുള്ള ഭാവത്തിൽ ബഹളംകൂട്ടുകയായിരുന്നുവെന്നും ആർക്കാണറിഞ്ഞുകൂടാത്തതു്. അവർ അന്നു് ഗവർമ്മെൻറിനെ സഹായിക്കുവാൻ മുതിർന്നിരുന്നുവെങ്കിൽ സിങ്കപ്പൂരും മലയാ മുഴുവനും അത്ര പെട്ടെന്നു് ജപ്പാനു കീഴടങ്ങുകയില്ലായിരുന്നു. തിരുവിതാംകൂർ പ്രജകളെന്നുള്ള അഭിമാനം കൈവെടിഞ്ഞു് ഒരു അരാജക കക്ഷിയെന്ന നിലയിൽ ക്രൈസ്തവരുടെ രാഷ്ട്രീയപ്രവർത്തനം പുരോഗമിച്ചുകൂടെന്നു പറയേണ്ടിയിരിക്കുന്നു. സുറിയാനിക്രിസ്ത്യാനികൾക്കു ഇന്നു കാണുന്ന സ്വാധീനശക്തിയുടെ പ്രധാന കാരണം അവരുടെ സംരക്ഷണയിലുള്ള റബ്ബർച്ചെടികളാകുന്നു. അതുകൊണ്ടു് നിർബന്ധിതവും സാർവത്രികവും സൌജന്യവുമായ റബർകൃഷി തിരുവിതാംകൂർ ഒട്ടുക്കു നടപ്പാക്കേണ്ടതാണ്. ഇതിന്റെ പ്രാരംഭമായി തിരുവനന്തപുരം നഗരത്തിലും അമ്പലപ്പുഴ ചേർത്തല ഈ താലൂക്കുകളിലും ഉടനടി റബർകൃഷി നടപ്പാക്കുവാൻ ബഹുമാനപ്പെട്ട ഗവർമ്മെൻറു് തുനിയുമെന്നു് ഇന്നാട്ടിലെ ബഹുലക്ഷങ്ങൾ അഭിലഷിക്കുന്നു

— ഏ. എൻ. സത്യനേശൻ
(ഭാരതിയുടെ പത്രാധിപരും രാഷ്ട്രീയലേഖകരാസ്വാതം ലേഖകനും.)


For

# BANKING BUSINESS

of every description

Branches at
1. PALAI
2. PIRAVAM.
3 PAMPADI
4. KOTHAMANGALAM
5. KUMARAKAM
6. ERATTUPETTA,
7. KALAKETTI
8. ERUMELI
9. KOTTAYAM.

APPROACH
ORIENT
CENTRAL
BANK LTD.,
KOTTAYAM.

ണ് അവർ ഒന്നാമതായി പഠിക്കുവാനുള്ളത്. ഇതു വളരെ നേരമ്പോക്കുള്ള ഒരു പാഠമാണ്. എങ്ങനെയാണ് അഭിവാദ്യം ചെയ്യേണ്ടതെന്നുള്ളത് പഠിക്കുന്നതിനാൽ സാമൂഹ്യജീവിതത്തിൽ അവർ അനുവർത്തിക്കേണ്ട അതിപ്രധാനമായ ഒരു കാര്യത്തെക്കുറിച്ചുള്ള ഒരു ജ്ഞാനം അവർക്കു സിദ്ധിക്കുന്നു. സാമൂഹ്യാചാരങ്ങളെ രണ്ടായി വിഭജിക്കാം. ഒന്ന് വ്യക്തിപരമായി പാലിക്കേണ്ട മര്യാദകൾ അഥവാ ആചാരങ്ങളാണ്. എന്നു വച്ചാൽ എങ്ങനെ വസ്ത്രം ധരിക്കണം മുടി ചീകണം ചെരിപ്പിടണം ഇത്യാദി കാര്യങ്ങളിലുള്ള അറിവ് എന്നർത്ഥം. മോണ്ടിസ്സോറി വിദ്യാലയത്തിൽ ഇതെപ്പററി കുട്ടികളെ പഠിപ്പിക്കുന്നതിലേക്കു ക്ലാസ്സുമുറിയിൽ പല നിരപ്പിലും പല വശത്തോട്ടുതിരിച്ചും കണ്ണാടികൾ വച്ചിരിക്കുന്നതു കാണാം. കുട്ടികൾ മുറിയിലൂടെ നടക്കുമ്പോൾ ചെരിപ്പുമാത്രം കാണത്തക്കവണ്ണം ഒരു കണ്ണാടി ഒരിടത്തു വച്ചിരുന്നാൽ അവൻ ചെരിപ്പു എങ്ങനെയാണിട്ടിരിക്കുന്നതു അതു് ഭംഗിയായി വാറിട്ടു് മുറുക്കിയാണോ ഇട്ടിരിക്കുന്നതു് എന്നിങ്ങനെയുള്ള കാര്യങ്ങൾ ആരും വിശേഷാൽ നിർദ്ദേശിക്കാതെതന്നെ അവൻ സ്വയം ചെയ്യുന്നതിനു ശ്രമിക്കുന്നതായിരിക്കും. മുഖം മാത്രം കാണുന്ന ഒരു കണ്ണാടി ഒരു ഭാഗത്തുണ്ടെങ്കിൽ മുടി ചീകിയിരിക്കുന്നതു ഭംഗിയായിട്ടല്ലെങ്കിൽ അവർ അന്യപ്രേരണകൂടാതെ മുടി ചീകിക്കൊള്ളും. അതുപോലെ ബട്ടൻസ് ധരിക്കാതെ കാൽച്ചട്ട ഇട്ടിരിക്കുന്ന ഒരു കുട്ടി കണ്ണാടിയിൽ കാണുമ്പോൾ തന്നത്താനെ ബട്ടൻസിടുവാനുള്ള ഒരു പ്രേരണയുണ്ടാകും. അതുകൊണ്ടു് ഓരോരുത്തരുടേയും വ്യക്തിപരമായ മര്യാദക്രമങ്ങൾ ഉപാദ്ധ്യായർ എപ്പോഴും നിർദ്ദേശിച്ചുകൊടുത്തില്ലെങ്കിലും സ്വയമായി അനുവർത്തിക്കുവാനുള്ള ഒരു പരിശീലനം അവർക്കു മോണ്ടിസ്സോറി വിദ്യാലയത്തിൽ സിദ്ധിക്കുന്നതാണ്.

ഭക്ഷണം കഴിക്കുമ്പോൾ കുട്ടികൾ സൂക്ഷിക്കേണ്ട ക്രമങ്ങളാണ് അവർ വ്യക്തിപരമായ ആചാരങ്ങളിൽ അറിഞ്ഞിരിക്കേണ്ട മറെറാരു പ്രധാനം ഇനം. എങ്ങനെയാണ് ഭക്ഷണം കഴിക്കേണ്ടതെന്നും ഭക്ഷണം കഴിക്കുന്ന പാത്രങ്ങൾ മററുപകരണങ്ങൾ ഇവ വയ്ക്കേണ്ടതെന്നും മററുമുള്ള കാര്യങ്ങൾ അവൻ ശരിയായി പഠിച്ചിരിക്കേണ്ടതാണ്. ഭക്ഷണം കഴിക്കുമ്പോൾ ഒരു കുട്ടി സ്പൂൺ (കയിൽ) ഉപയോഗിക്കുന്നുവെന്നിരിക്കട്ടെ. സ്പൂണുകൊണ്ടു് കോരി എടുക്കുന്ന ഓവകം നിറയെ എടുക്കുകയും ഒന്നോടെ വായിലൊഴിക്കുകയും ചെയ്യാതെ, സ്പൂണിന്റെ മുൻഭാഗം അധരങ്ങൾക്കിടയിൽ മുട്ടിച്ച് കുറേശ്ശ വലിച്ചുകുടിക്കുകയും ചെയ്യാൻ ശീലിക്കണം. വായ് തുറന്ന് ശബ്ദം കേൾപ്പിച്ചുകൊണ്ടു് വല്ലതും ചവയ്ക്കുന്ന പരിചയം കുട്ടികൾക്കുണ്ടാകാതിരിക്കുന്നതിനു പ്രത്യേകം കരുതേണ്ടതാണ്. കത്തിയും മുള്ളും മററും ഉപയോഗിക്കുന്ന വെള്ളക്കാരുടെ കുട്ടികളാണെങ്കിൽ അവരോരോന്നും ഉപയോഗിക്കേണ്ട വിധം വേണ്ടപോലെ അവരെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകർ ശ്രമിക്കണം. കൈകൊണ്ടു് ഭക്ഷണം കഴിക്കുന്ന നാട്ടുകാരുടെ കുട്ടികളാണെങ്കിൽ അവർ എത്രയും വൃത്തിയായി കയ്യും മുഖവും കഴുകുകയും തുവർത്തുകൊണ്ടു് കൈ തുടച്ചതിന്റെ ശേഷം ഭക്ഷണം കഴിക്കുകയും ചെയ്യുന്നതിനു നിർദ്ദേശിക്കണം.

തുമ്മൽ വരുമ്പോൾ മററുള്ളവർ ഇരിക്കുന്ന വശത്തുനിന്നും മുഖം തിരിച്ചു മറുവശത്തേക്കു തുമ്മുന്നതിനുള്ള ഒരു ശീലം കുട്ടികൾക്കുണ്ടാകേണ്ടതാണ്. ഇരുവശത്തും ആളുകളുണ്ടെങ്കിൽ തുവാലകൊണ്ടു മൂക്കു് പൊത്തിപ്പിടിച്ചുകൊണ്ടു് വലിയ ശബ്ദമുണ്ടാക്കാതെ തുമ്മുന്നതിന് കുട്ടികളെ പരിശീലിപ്പിക്കേണ്ടതത്യാവശ്യമാണ്. ഈവിധങ്ങളായ കാര്യങ്ങൾ സാമൂഹ്യജീവിതത്തിൽ ഓരോരുത്തരും വ്യക്തിപരമായി അനുവർത്തിക്കേണ്ട കാര്യങ്ങളാണ്. മററുള്ളവരോടുള്ള ബന്ധത്തിൽ ചെയ്‌വാനുള്ള മര്യാദകളെന്തെല്ലാമാണെന്നുള്ളത് അടുത്ത ലേഖനത്തിൽ പ്രസ്താവിച്ചുകൊള്ളാം.

— —

വറുഗീസ് കളത്തിൽ എം. എ.

# ഹൂവറുടെ പരാക്രമങ്ങൾ

ഹൂവർ മുൻപ് അമേരിക്കയിലെ പ്രസിഡന്റായിരുന്നു. ഇപ്പോൾ ഭക്ഷണ കാര്യത്തിൽ ട്രൂമാനെ സഹായിക്കാൻ ഇറങ്ങി പുറപ്പെട്ടിരിക്കയാണ്. ഹൂവർക്കു ഇങ്ങനെയൊരു ഉദ്യോഗം കൊടുക്കുവാൻ ട്രൂമാനെ പ്രേരിപ്പിച്ചതെന്താണെന്നു പലരും സംശയിക്കുന്നുണ്ടു്. ഒരു പഴയ പ്രസിഡന്റല്ലേ ? ജോലിയില്ലാതിരിക്കുന്നതു കണ്ടു് ആ വൃദ്ധനു വല്ല ജോലിയും നൽകി സഹായിക്കാമെന്ന് ട്രൂമാൻ വിചാരിച്ചതാണോ ? പെൻഷൻ പററി പിരിയുന്ന ചില കിഴവന്മാർക്ക് ചില ഗവൺമെന്റുകൾ ഇതുപോലെയുള്ള ചില ഉദ്യോഗങ്ങൾ നൽകാറുണ്ടല്ലോ. പക്ഷെ, ആരും തെററിദ്ധരിക്കേണ്ട. നമ്മുടെ നാട്ടിലെ ചില പെൻഷൻകാരെപ്പോലെ വല്ല 'നക്കാപിച്ച'യും ലഭിക്കുവാൻ വേണ്ടി ഭരണാധിപന്മാരുടെ പിന്നാലെ വാലാട്ടി നടക്കുന്നവനല്ല ഹെർബർട്ട ഹൂവർ. അദ്ദേഹം ഏറെറടുത്തിരിക്കുന്ന ജോലി ഉറക്കവും വിശ്രമവും അല്ല. ഭക്ഷണക്കാര്യം വെറും കളിയല്ല.

ഭക്ഷണക്കാര്യത്തിൽ ഇന്ന് ഹൂവറെപ്പോലെ ഒരു വിദഗ്ദ്ധൻ ലോകത്തിലില്ല. വാളിനേക്കാൾ ശക്തിയുള്ളതാണ് ഭക്ഷണമെന്നു ഹൂവർ സിദ്ധാന്തിക്കുന്നു. നമ്മൾ ഇപ്പോൾ ഈ തത്വം മനസ്സിലാക്കിത്തുടങ്ങീട്ടേയുള്ളു. എന്നാൽ ഒന്നാം ലോകമഹായുദ്ധകാലത്തു തന്നെ ഹൂവർ ഈ തത്വത്തിൽ വിശ്വസിച്ചുകൊണ്ടു പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ സിദ്ധാന്തം ശരിയാണെന്നു് യൂറോപ്പിൽ പ്രായോഗികമായി തെളിയിച്ചു.

യൂറോപ്പിൽ ഹൂവറുടെ സചിവനായി പ്രവർത്തിച്ചതു് ടി. ടി. സി. ഗ്രിഗറി എന്ന ഒരാളായിരുന്നു.

ഹൂവറുടെ പരാക്രമങ്ങളെപ്പററി ഗ്രിഗറി 1921 ൽ എഴുതിയ ഒരു ലേഖനത്തിന്റെ ചില ഭാഗങ്ങൾ താഴെ ഉദ്ധരിക്കാം.

"1920—ൽ പോളണ്ടുകാർ ചുകപ്പുസേനയെ പിന്തിരിപ്പിച്ചു. പക്ഷെ വാർസോ രക്ഷിക്കുന്നതിനുവേണ്ടിയുണ്ടായ രക്തച്ചൊരിച്ചിലും വിഭവനഷ്ടങ്ങളും കൂടാതെ തന്നെ ഹംഗറിയിൽ കൂടുതൽ ഗണ്യവും നാടകീയവുമായ ഒരു തടസ്തമാണ് ബോൾഷെവിസത്തിനു നൾകിയതു്. അവിടെ ഒരു ചെറിയ സംഘം അമേരിക്കക്കാർ സാമ്പത്തികമായ ആയുധങ്ങളുപയോഗിച്ച് 'ബലാക്കുണി'ന്റെ ഗവമ്മെന്റിനെ പരാജയപെടുത്തി. അങ്ങനെ യൂറോപ്പിൽ മേധാവിത്വം നേടുവാനുള്ള ലെനിന്റെ സ്വപ്നങ്ങളെ പെട്ടെന്നു തകർത്തുകളഞ്ഞു. പോളണ്ടിൽ ചുകപ്പുപട്ടാളങ്ങളെ സൈനികമായി ചെറുത്തതിനേക്കാൾ ഇതു് ഗണ്യമായിട്ടുള്ളതാണെന്നാണ് എന്റെ അഭിപ്രായം. — — ചുരുക്കിപ്പറഞ്ഞാൽ, ഭക്ഷണം ഖഡ്ഗത്തെക്കാൾശക്തിയുള്ളതാണ്. — —

ബോൾഷെവിസത്തിന്നെതിരായുള്ള പ്രതിരോധപ്രവൃത്തനങ്ങളിൽ പ്രധാനപ്പെട്ട ഒരായുധമായിരുന്നു ഭക്ഷണം. ബോൾഷെവിസത്തെ തോല്പിക്കുവാൻവേണ്ടി മദ്ധ്യയൂറോപ്പിൽ ഹൂവർ ഭക്ഷ്യം നൾകി. മദ്ധ്യയൂറോപ്പിലും തെക്കുകിഴക്കൻ യൂറോപ്പിലും ബോൾഷെവിസത്തെ ഹൂവർ പരാജയപ്പെടുത്തിയെന്നു് അമേരിക്കക്കാർ അഭിമാനിക്കുന്നു.

ഹൂവർ ആരാണെന്നും അദ്ദേഹത്തിന്റെ പ്രവൃത്തി ഏതു വിധത്തിലുള്ളതായിരിക്കുമെന്നും ഇപ്പോൾ വായനക്കാർക്ക് മനസ്സിലായിട്ടുണ്ടാവും. വിദഗ്ദ്ധന്മാർ വരുന്നതു് അവരുടെ രാഷ്ട്രത്തിന്റെ പ്രാബല്യം സ്ഥാപിക്കുവാനാണ്. നമുക്കുവേണ്ടതു് വിദഗ്ദ്ധന്മാരെയല്ല മനുഷ്യത്വമുള്ളവരെയാണ്.

സംയുക്ത ഭക്ഷണബോർഡിൽ അധികവും വിദഗ്ദ്ധന്മാരാണ്. അവർക്കു മനുഷ്യത്വം കുറവാണ്. പട്ടിണി കിടക്കുന്നവർക്കു ഭക്ഷണം നൽകുവാൻ ആലോചിക്കുന്നതിനു പകരം ആധിപത്യസ്ഥാപനത്തിന്നു് ഭക്ഷണത്തെ ഒരായുധമാക്കുന്നു. മനുഷ്യത്വത്തോടും ഉത്തരവാദബോധത്തോടും കൂടി സംയുക്ത ഭക്ഷണബോർഡിലെ അംഗങ്ങൾ ആലോചിക്കാതിരുന്നതു നിമിത്തം കുപിതനായ ലാഗാർഡിയ ബോർഡിൽ നിന്നു 'വാക്ക് ഔട്ട്' നടത്തിയിട്ട് അധികം ദിവസങ്ങളായിട്ടില്ല.

ഹൂവർ ഇന്ത്യയിൽ വന്നതു് ഒരു വിദഗ്ദ്ധനായിട്ടാണ്. ഇന്ന് ആംഗ്ലോ അമേരിക്കൻ ആധിപത്യത്തിന്നെതിരായി രൂപവത്കൃതമായിട്ടുള്ള എല്ലാഘടകങ്ങളെയും അടിച്ചമർത്തുന്നതിനുള്ള പദ്ധതിയാണ് ഹൂവർ കണ്ടുപിടിക്കേണ്ടതു്. ഒന്നാം ലോകമഹായുദ്ധത്തിനു ശേഷം അമേരിക്കക്കും ബ്രിട്ടനും എതിരിടേണ്ടിവന്ന പ്രധാന ശക്തി ബോൾഷെവിസമായിരുന്നു. ഇപ്പോഴും റഷ്യൻ സാമ്പത്തിക സിദ്ധാന്തത്തെ ബ്രിട്ടനും അമേരിക്കയും ഭയപ്പെടുന്നതായി തോന്നുന്നു. കമ്മ്യൂണിസം മാത്രമല്ല. മററു പല മഹത്തായ ശക്തികളും ഇപ്പോൾ ആംഗ്ലോ അമേരിക്കൻ കൂട്ടുകെട്ടിനെ ഭീഷണിപ്പെടുത്തുന്നു. ഇന്ത്യൻ ദേശീയ പ്രക്ഷോഭണത്തെ സൈനിക ശക്തി കൊണ്ടുമാത്രം അമർത്തുവാൻ സാദ്ധ്യമല്ലെന്ന് ബ്രിട്ടന് ബോധപ്പെട്ടിരിക്കുന്നു. ബർമ്മായിലും മലയായിലും വമ്പിച്ച ജനകീയ പ്രക്ഷോഭണം വിപുലമായ തോതിൽ വളർന്നുവരുന്നു. ഇൻഡൊനേഷ്യയിലെ സ്വാതന്ത്ര്യസമരം ഏഷ്യാററിക്ക് ജനതയെ മുഴുവൻ വികാരനിർഭരരും സ്വാതന്ത്ര്യാഭിലാഷികളും ആക്കിത്തീർത്തിട്ടുണ്ടു്. പൊതുവേ ഏഷ്യയുടെ ഒരു നവോത്ഥാനത്തിന്റെ ആരംഭം ഇന്നു് പൗരസ്ത്യദേശത്തെ ചൈതന്യസമ്പൂർണ്ണമാക്കിത്തീർത്തിരിക്കുന്നു. പാശ്ചാത്യരുടെ മർദ്ദനത്തിൽനിന്നു് മോചനം നേടുവാൻവേണ്ടി ഏഷ്യാററിക്ക് ജനത് റഷ്യയുടെ സഹായം ആ

(ശേഷം 11-ാംപേജിൽ)

# സിനിമാ

**കെ. സുരേന്ദ്രൻ**

# ബങ്കാളി ചിത്രങ്ങൾ

കുറെക്കാലത്തിനു മുമ്പ്, പ്രഭാത് കമ്പനിക്കാരുമായുള്ള ശണ്ഠമൂലം സിനിമാ ലോകവുമായി വേർപെട്ടു നടന്നകാലത്തു് ശ്രീമതി ശാന്താആപ്തേ ഇന്ത്യൻ ചിത്രനിർമ്മാണക്കാരുടെ സാംസ്കാരികവും കലാപരവുമായ അപകർഷതകളെ അപലപിച്ചുകൊണ്ട് "ഞാൻ സിനിമായിൽ ചേരണമോ?" എന്ന പേരിൽ ഒരു പുസ്തകം എഴുതിയിരുന്നു. അതിനു മറുപടി എന്നോണം ശാന്താആപ്തേയുടെ വാദങ്ങളെ കുറെയൊന്നു് എതിർത്തുകൊണ്ട് ശ്രീമതി കാനൻബാല ഒരു ലേഖനം എഴുതി. ബോംബെയിലെ നിർമ്മാണശാലക്കാരുടെ അവസ്ഥയെങ്ങനെയൊക്കെയായിരുന്നാലും കൽക്കട്ടായിലെ നിർമ്മാണക്കാരെ സംബന്ധിച്ചിടത്തോളം ആപ്തേയുടെ വാദങ്ങൾ മിക്കതും അപ്രസക്തങ്ങളാണെന്നായിരുന്നു കാനൻബാലയുടെ ഒരു പ്രതിവാദം. ബങ്കാളി ചരിത്രനിർമ്മാണകരുടെ പ്രബുദ്ധതകളെപ്പററി പറയുവാനാണ് ആ കാര്യം ഞാനിവിടെ സൂചിപ്പിച്ചതു്.

നമ്മുടെ എല്ലാ സാംസ്കാരിക പ്രവർത്തനങ്ങളുടെയും മുന്നണിയിൽ നിൽക്കുന്നതു് ബങ്കാളികളാകുന്നു. അവരുടെ ആപ്രമാദികത്വം സിനിമാലോകത്തിലും പുലന്നു കാണപ്പെടുന്നതു് കേവലം സ്വാഭാവികം മാത്രമാണ്. സാമ്പത്തികമായ കഴിവുകൾ അവരെക്കാൾ കൂടുതൽ കാണേണ്ടതും കാണുന്നതും ഹിന്ദിചിത്രനിർമ്മാണകർക്കാണ്. എന്നിരുന്നാലും ഗുണോൽകർഷത്തിൽ ബങ്കാളി ചിത്രങ്ങളെ വളരെയൊന്നും സമീപിക്കുവാൻ ഹിന്ദി ചിത്രങ്ങൾക്കു കഴിയുന്നില്ല. അതിന്റെ സാംസ്കാരികമൂല്യം താരതമ്യേന താണു താണ് നിൽക്കുകയേയുള്ളൂ. ഹിന്ദിനിർമ്മാണകരുടെ ഉള്ളിലെ മുതലാളി മനോഭാവത്തിന്റെ ആധിക്യമാണ് ഇതിന്റെ പ്രധാനമായ കാരണം. നാടിന്റെ ഉൽക്കർഷം എപ്പോഴെങ്കിലും മുതലാളിമാരുടെ ലക്ഷ്യമാവുക അസാദ്ധ്യവുമാണല്ലോ?.

ബങ്കാളികളുടെ പ്രസിദ്ധമായ ആദർശപ്രേമം അവരുടെ കലാനിർമ്മിതിയിലും കലന്നു പോകുന്നതു് ആശ്ചര്യകരമല്ല. സങ്കേതത്തിലെന്നപോലെ ഭാവത്തിലും ലക്ഷ്യത്തിലും അവർ ഹിന്ദിനിർമ്മാണകരെ വളരെ പിന്നിലാക്കിയിരിക്കയാണ്. നടന്മാരുടെ കാര്യത്തിലും ഈ ഉയർച്ച കുറെയൊക്കെ ഉണ്ട്. പ്രകൃതിയിലും, സംസ്ക്കാരത്തിലും, അഭ്യാസത്തിലും ഹിന്ദിനടന്മാരെ ലജ്ജിപ്പിക്കുന്ന ചില താരങ്ങൾ ബങ്കാളികൾക്കുണ്ടെന്ന് അവർ അവകാശപ്പെടുന്നു. ഇവിടെ സോഷ്യലിസത്തിന്റെ പ്രകാശം പ്രസരിപ്പിക്കുന്ന 'ഉദയാർ പാഥേ' എന്നൊരു ചിത്രത്തിന്റെ വിമർശനം വായിക്കുവാൻ ഇടയായി. പ്രമേയത്തിലും പ്രതിപാദനത്തിലും റിയലിസം സ്ഫുരിപ്പിക്കുന്ന ചിത്രങ്ങൾ ധാരാളമായി ഇന്നവിടെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. തികച്ചും പ്രശ്നപരങ്ങളായ——അതായതു് സുപ്രധാനമായ ഒരു പ്രശ്നത്തിന്റെ വ്യക്തവും ശക്തവുമായ ചിത്രീകരണം മാത്രം ലക്ഷ്യമാക്കിക്കൊണ്ട് നിർമ്മിതമാവുന്ന—ചിത്രങ്ങളും ഒട്ടും കുറവല്ല. ബങ്കാളി നിർമ്മാണകർ അവരുടെ സാഹിത്യകാരന്മാരോടൊപ്പം കൈകോർത്തു പോകുവാൻ മടിയ്ക്കുന്നില്ലെന്ന് ചുരുക്കത്തിൽ പറയാം. മനുഷ്യത്വം അലയടിക്കുന്ന ശരശ്ചന്ദ്ര ചാററർജിയുടെ കഥകൾ അധികമൊന്നും ഇനി അവർ ബാക്കി വച്ചിട്ടില്ല. ഇപ്പോൾത്തന്നെ അദ്ദേഹത്തിന്റെ മൂന്നു കഥകൾ ചലച്ചിത്രങ്ങളായി രൂപം കൊള്ളുകയാണ്. അക്കൂട്ടത്തിൽ, 'പാഥേർ ദാബി' എന്ന വിഖ്യാതമായ രാഷ്ട്രീയനോവലും ഉൾപ്പെടുന്നുണ്ട്. രാഷ്ട്രീയ കാരണങ്ങളാൽ അടുത്തകാലംവരെ കണ്ടുകെട്ടപ്പെട്ടിരുന്നതാണ് 'പാഥേർദാബി' (മാർഗ്ഗാവകാശം) എന്ന് നാം ഓർക്കണം. അവിടംവരെ എത്തിയിരിക്കുന്നു അവർ. ഇവയൊക്കെ ഹിന്ദി നിർമ്മാണകരുടെ ചിന്താമണ്ഡലത്തിൽ ഇനിയും പ്രവേശിച്ചിട്ടില്ലാത്ത കാര്യങ്ങളാണ്. ശരശ്ചന്ദ്രന്റെ രണ്ടുമൂന്നു കഥകൾ ഹിന്ദിയിൽ വന്നിട്ടുള്ളതുതന്നെ കൽക്കട്ടായിലെ 'ന്യൂതീയേറേറഴ്സ്' കാരാണ് നിർമ്മിച്ചതു്. ഹിന്ദിചിത്രങ്ങളുടെ ഇടയിൽ "ന്യൂതീയേറേറഴ്സ്' ചിത്രങ്ങൾക്കുള്ള ഭാവാന്തരവും ഇവിടെ പ്രത്യേകം സ്മരണീയമായിരിക്കുന്നു.

നമ്മുടെ പ്രദർശനശാലക്കാരോടുള്ള ഒരഭ്യർത്ഥനയുടെ മുഖവുരയായിട്ടാണ് ഇത്രയുമൊക്കെ ബങ്കാളി ചിത്രങ്ങളെപ്പററി ഞാൻ എഴുതിയതു്. കലാപ്രവർത്തനങ്ങളുടെ നേതൃത്വം വഹിക്കുന്ന ബങ്കാളികളുടെ ചിത്രങ്ങൾ വല്ലപ്പോഴുമെങ്കിലും ഒന്നു കണ്ടു രസിക്കുവാനുള്ള അവസരം അവർ നമുക്കുണ്ടാക്കിത്തരണമെന്നാണ് എന്റെ അഭ്യർത്ഥന: ബങ്കാളി ചിത്രങ്ങളോടൊപ്പംതന്നെ ചിലപ്പോൾ അവയുടെ ഹിന്ദി പതിപ്പുകൾ കൂടി അവർ നിർമ്മിക്കാറുണ്ട്. അങ്ങനെയുള്ളപ്പോൾ പ്രസ്തുത ഹിന്ദിചിത്രങ്ങളോ അല്ലാത്തപ്പോൾ ബങ്കാളിലുള്ളവതന്നെയോ ആണു വരുത്തേണ്ടതു്

റഷ്യൻ ചിത്രങ്ങളും സ്വിസ് ചിത്രങ്ങളുമൊക്കെ ഇപ്പോൾ ബോംബെയിൽക്കൂടെ പ്രദർശിപ്പിക്കപ്പെടാറുണ്ടെന്നു അറിയുന്നു. ഇന്ത്യൻ ചിത്രങ്ങളുടെയും അതുപോലെതന്നെ ഹോളിവുഡ്ഡിൽനിന്നും ഇവിടെ കപ്പലിൽ വന്നിറങ്ങി വലിയ പ്രൌഢിയിൽ പണപ്പിരിവു നടത്തുന്ന ഇംഗ്ലീഷ് ചിത്രങ്ങളുടെയും, ശരിയായ വില നിർണ്ണയിക്കുവാൻ അത്തരം ചിത്രങ്ങൾ വളരെ സഹായകങ്ങളായിരിക്കും. അപ്രകാരം നമ്മുടെ നിത്യസന്ദർശകരായ തമിഴ് ചിത്രങ്ങളുടെ 'യോഗ്യത'കൾ ഒന്നുകൂടി വ്യക്തമായിക്കാണുവാൻ, ബങ്കാളി സഖാക്കളുടെ സഹായം നമുക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ഇവിടെ ഭാഷയുടെ പരിചയക്കുറവ് ഒരു പ്രതിബന്ധമായിത്തീരുമെന്ന് എനിയ്ക്കു തോന്നുന്നില്ല. ഇവിടത്തെ ഹിന്ദി ചിത്രപ്രേമികളിൽ അധികം പേരും ഹിന്ദി അറിവില്ലാത്തവരാണ്. തെലുങ്കു പഠിച്ചുകൊണ്ടാണോ തെലുങ്കുപടങ്ങൾ നമ്മൾ കണ്മാൻ പോകുന്നതും? ഹിന്ദിയേയും തെലുങ്കിനേയും സംബന്ധിക്കുന്ന ഭാഷാപരമായ പ്രതിബന്ധമേ ബങ്കാളിയെ സംബന്ധിച്ചുംഉണ്ടാവുകയുള്ളൂ. ഹിന്ദിയെപ്പോലെ തന്നെ നിരവധി സംസ്കൃതപദങ്ങൾ ബങ്കാളിയും ഉൾക്കൊള്ളുന്നുണ്ട്. സർവ്വാപരിലോക വന്ദ്യനായ നമ്മുടെ ഗുരുദേവൻ സേവിച്ചനുഗ്രഹിച്ചഭാഷയോടു് അപരിചിതത്വം ഭാവിച്ച് വിമുഖത്വം കാണിക്കുന്നതു് മര്യാദയല്ല; അതിനു വാസ്തവത്തിൽ നമുക്ക് കഴിവുമില്ല, കലാബോധത്തോടു് അൽപ്പമെങ്കിലും ആദരവുണ്ടെങ്കിൽ നമ്മുടെ പ്രദർശന ശാലക്കാർ ഇക്കാര്യത്തിൽ അൽപമൊരു താൽപ്പര്യം പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. ബങ്കാളി ചിത്രങ്ങൾക്ക് ഇവിടെ പ്രചാരം വരുത്തുവാൻ അവർക്ക് നിഷ്പ്രയാസം സാധിക്കുമെന്നാണ് എന്റെ വിശ്വാസം. സാധാരണ എന്റെ വിശ്വാസങ്ങൾ തെററാറില്ല. അല്ലെങ്കിൽ അവർ ഒന്നു പരിശോധിച്ചു നോക്കിക്കൊള്ളട്ടെ. സഹൃദയരും സൗജന്യ മനസ്കരുമായ പ്രദർശന ശാലക്കാരെ ഞാൻ അതിലേക്കു ക്ഷണിച്ചുകൊള്ളുന്നു.

---

ചെറുകഥ

(4-ാം പേജിൽനിന്നു തുടർച്ച)

ചെവി ഓർത്തു നിൽക്കുകയാണ്. ഒരു കുഞ്ഞിന്റെ പരിക്ഷീണമായ കരച്ചിൽ കേൾക്കായി. ആവൂ! ലോനപ്പൻ തെല്ല് ആശ്വസിച്ചു. ഡാക്ടർ കതകുതുറന്നു പുറത്തുവന്നു അദ്ദേഹം പറഞ്ഞു..

"ആൺകുട്ടി അകത്തുചെന്നു നോക്കണം"

ലോനപ്പൻ അകത്തുകയറി വിരലോളം നീളമുള്ള ഒരു കുഞ്ഞ് ദുർബലമായ ജീവൻ അതിനുണ്ട്.

അപ്പുറം റോസ കണ്ണുമടച്ചു നിശ്ചലയായി കിടക്കുന്നു.

× × ×

തള്ളയില്ലാത്ത ആ വമ്പിച്ച സ്വത്തിനു ഏകാവകാശിയായ ആ കുഞ്ഞിനെ മൂന്നു നാലുമാസം ക്ലേശിച്ചയാൾ വളർത്തി അതിൽ കൂടുതൽ കാലം പ്രാണനെതക്കിനിർത്തുവാനുള്ള ശക്തി ശരീരത്തിനുണ്ടായിരുന്നില്ല.

× × ×

സംവൽസരങ്ങൾ ചിലതുകഴിഞ്ഞു. ഇന്നും ആ കെട്ടിടം അവിടെ നിൽക്കുന്നുണ്ട്. അതിന്റെ ഗേററിങ്കൽ കോര ലോനപ്പൻ എന്ന ബോർഡും തൂങ്ങുന്നുണ്ട്. പക്ഷേ അതിനു മുകളിൽ റോസ്‌വില്ല എന്നു എഴുതി ചില്ലിട്ടിരുന്ന ബോർഡു കാണുന്നില്ല. അതിനുപകരം 'മേരീഭവനം' എന്നെഴുതിയിട്ടുള്ള ബോർഡാണുള്ളതു്.

അതിന്റെ മാളികമുകളിൽ അഞ്ചാറുകുട്ടികൾ ഒച്ചത്തിൽ ചിരിച്ചു ബഹളമുണ്ടാക്കുന്നു. ഉള്ളിലേക്കു കടന്നാൽ ഹാളിന്റെ ഭിത്തിയിൽ ഒരു തടിച്ച ആരോഗ്യമുള്ള സ്ത്രീയുടേയുംലോനപ്പന്റേയും വലിയ പടങ്ങൾ കാണാം.

അടുക്കളയുടെ അടുത്തമുറിയിൽ പുറത്തേക്കുള്ള ജനലിനു താഴെയായി പണ്ടാരോ മുറുക്കിത്തുപ്പിയപ്പോൾ തുപ്പൽവീണു താഴേക്കൊഴുകിയതിന്റെ പാട് വെള്ളപൂശിയിട്ടും പൂർണ്ണമായി മായാതെ ഒരു മഞ്ഞനിറത്തിൽ അവശേഷിക്കുന്നുണ്ട്. ഒരു കട്ടിലിട്ടിരുന്നു എന്നതിനു തെളിവായി ഭിത്തിയിൽ കുമ്മായം അൽപ്പം അടന്നിട്ടുമുണ്ട്.

ഞങ്ങളുടെ നോവൽ പംക്തി

# ഐവാൻ നിക്കുലിൻ

## കഴിഞ്ഞ കഥ

(റഷ്യൻ നാവികൻ, ഐവാൻ നിക്കുലിൻ അവധി കഴിഞ്ഞു് യുദ്ധരംഗത്തേക്കു് മടങ്ങുകയാണു്. തീവണ്ടിയിൽവച്ചു കിട്ടിയ കൂട്ടുകാരുംകൂടെ അവർ ഇരുപത്തഞ്ചുപേരുടെ ഒരു സംഘമായി. സാധാരണ വണ്ടികളിൽ സ്ഥലമില്ലാത്തതുകൊണ്ടു് യുദ്ധരംഗത്തേക്കു പോകുന്ന ഒരു സാമാനവണ്ടിയിൽ അവർ കൂടി കയറി. വഴിക്കു വച്ചു് ഒരു തെരക്കത്തോടുകൂടി വണ്ടി നിന്നു. ജർമ്മൻകാരായിരിക്കുമോ എന്ന അവരുടെ അന്വേഷണത്തിനു് മറുപടിയായി പുറത്തു നിന്നു് തുടരെയുള്ള വെടിയുടെ ശബ്ദമാണു് കേട്ടതു്.

നിരായുധരായ ആ നാവികന്മാർ വയ്ക്കോലിനിടയിൽ ഒളിച്ചുകിടന്നു. ജർമ്മൻകാർ വണ്ടി പരിശോധിക്കുവാൻ അകത്തു കയറിയപ്പോൾ പെട്ടെന്നു് അവരെ ആക്രമിച്ചു് തോക്കുകൾ കൈവശപ്പെടുത്തി. ആ തോക്കുകളുമായി അവർ പുറത്തു ചാടി തീവണ്ടിയെ ആക്രമിച്ച ജർമ്മൻകാരിൽ അറുപത്തെട്ടു പേരെ കൊന്നു. പന്ത്രണ്ടു പേരെ തടവുകാരാക്കി. ഈ യുദ്ധത്തിൽ നിക്കുലിനു് നേതൃത്വം കൊടുക്കേണ്ടി വന്നു.

നിക്കുലിനും കൂട്ടരും രക്ഷിച്ച തീവണ്ടി മുന്നോട്ടുപോയശേഷം അവർ അവിടെത്തന്നെ നിന്നു. ജർമ്മൻ തടവുകാരിൽ നിന്നും അവർ പാരച്യൂട്ടുകാരാണെന്നും ഇനിയും കൂടുതൽ ആളുകളെ നോക്കിയിരിക്കുന്നുണ്ടെന്നും മനസ്സിലാക്കി. അവരുടെ ആയുധങ്ങൾ ഒരു കൊക്കയിൽ ഒളിച്ചുവച്ചിരിക്കുന്നതു് നിക്കുലിനും കൂട്ടരും കണ്ടുപിടിച്ചു. അക്കൂട്ടത്തിൽ വിമാനം ഇറങ്ങുന്നതിനുള്ള അടയാളങ്ങളും ഉണ്ടായിരുന്നു. അവ ഒരു മൈതാനത്തു് നിരത്തിവച്ചു് അവർ കാത്തിരുന്നു ഒരു വിമാനം പറന്നു വന്നു, അടയാളങ്ങൾ കണ്ടു എന്നു് അവരെ മനസ്സിലാക്കിയിട്ടു് തിരിച്ചുപോയി.

നിക്കുലിനും കൂട്ടരും ഇറങ്ങാൻ പോകുന്ന വിമാനങ്ങളെ സ്വീകരിക്കാൻ തയാറായി. ആദ്യം ഇറങ്ങിയതിനെ നിക്കുലിന്റെ സംഘം തകർത്തുകളഞ്ഞു. ഇനി മുന്നോട്ടു വായിക്കുക.)

### സ്നേഹിതരേ ഞങ്ങൾ പോകുന്നു!

രണ്ടാമത്തെ ജങ്കർ വിമാനത്തിന്റെ ചക്രങ്ങൾ നിലത്തു തൊട്ടതിനോടുകൂടി ക്ലെവ്റ്റ്സോവ് വെടിതുടങ്ങി. വെടികൊണ്ടു് വിമാനം തകർന്നു. അതിന്റെ ഒരു ചിറകു് മണ്ണിലേക്കു് താണു, മറ്റതു് ആകാശത്തിലേക്കുയർന്നു. ആ വെടികൊണ്ടു് പൈലറ്റ് അവിടെ വച്ചുതന്നെ മരിച്ചുവെന്നും, ബോഡിയുടെ അടിയിൽ തൂക്കിയിട്ടിരുന്ന ടാങ്കു് പ്രയോജനരഹിതമായി തീർന്നുവെന്നും പിന്നീടു് മനസ്സിലായി. പക്ഷേ വിമാനത്തിലുണ്ടായിരുന്ന ടോമിതോക്കുകാർക്കു് അപകടമൊന്നും പറ്റിയിരുന്നില്ല. അവർ തുരുതുരെ വെടി വച്ചുകൊണ്ടു് പുറത്തു ചാടി കമന്നുകിടന്നു. സെറിബ്രിയാക്കോവിനോടും കോനോവാലോവിനോടും വിമാനവും ഫാഷിസ്റ്റുകളും ഒന്നായി തകർത്തു കളയാൻ കമ്മിസാർ ആജ്ഞാപിച്ചു.

പക്ഷേ ആ നാവികന്മാർക്കു് വളരെ മുന്നോട്ടു പോകാൻ കഴിഞ്ഞില്ല. തലയ്ക്കു് വെടിയേറ്റു് കോനോവാലോവ് താഴെ വീണു. സെറിബ്രിയാക്കോവ് അഞ്ചടികൂടി മുന്നോട്ടു പോയി. പക്ഷേ അവിടെവച്ചു് വെടി കൊണ്ടു് വീണു. കമ്മിസാർ ഇതെല്ലാം കണ്ടുകൊണ്ടിരിക്കയായിരുന്നു.

“പന്നികൾ!” പല്ലുകടിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞു. “അവർ ആ കുട്ടികളെ കൊന്നു. കൈബോമ്പുകൾ എവിടെ?”

കമന്നുകിടന്നു് ക്ലെവ്റ്റ്സോവ് മുന്നോട്ടു ഇഴഞ്ഞു തുടങ്ങി. മഴപോലെ വെടിയുണ്ടകൾ അദ്ദേഹത്തെ സ്വീകരിച്ചു. വെടികൊണ്ടു് അദ്ദേഹത്തിന്റെ തൊപ്പി തെറിച്ചുപോയി. കയ്യിലുണ്ടായിരുന്ന സഞ്ചി രണ്ടായി മുറിഞ്ഞുപോയി. രണ്ടെണ്ണം തോളിൽ കൊണ്ടു. കാലുകളിലും ഓരോന്നു തറച്ചു. ഒരെണ്ണം അപായകരമായവിധത്തിൽ അദ്ദേഹത്തിന്റെ ഒരുവശത്തേറ്റു. രക്താഭിഷിക്തനായി അദ്ദേഹം അവസാനത്തെ കഴിവും വിനിയോഗിച്ചു് മുട്ടുകുത്തിനിന്നുകൊണ്ടു് ബോമ്പുകൾ വിമാനത്തിന്മേൽ എറിഞ്ഞു.

............നാവികന്മാരെ ഒരു കുന്നിൻ ചരിവിലുള്ള ശവക്കോട്ടയിൽ സംസ്കരിച്ചു. അവിടെ നിന്നാൽ ചുറ്റുമുള്ള പ്രദേശം മുഴുവനും കാണാമായിരുന്നു. തണുപ്പുള്ള ഒരു തെളിഞ്ഞ ദിവസമായിരുന്നു അതു്. ഞാണണകൾ ഒരു വടക്കൻ കാറ്റിൽ ഉലഞ്ഞുകൊണ്ടിരുന്നു. കരിയിലകൾ ഭൂമിയുടെമേൽ ശരൽക്കാലനൃത്തം ചെയ്തു.

നാവികന്മാർ അവരുടെ സഖാക്കൾക്കായി അഗാധമായ ഒരു കുഴിവെട്ടി. അടുത്തുള്ള കൂട്ടുകൃഷിസ്ഥലത്തെ ആശാരി ശവപ്പെട്ടികൾ ഉണ്ടാക്കികൊടുത്തു. അമ്മാവൻ എവിടെനിന്നോ പെട്ടിപൊതിയാൻ കുറെ ചുവന്ന തുണി കണ്ടുപിടിച്ചു. അമ്മാവൻതന്നെയാണു് ആ ശവകുടീരത്തിനു മുകളിൽ വയ്ക്കാനുള്ള ശിലയും തയാറാക്കിയതു്.

ഒട്ടുവളരെ കൃഷിക്കാർ സംസ്കാരകർമ്മത്തിൽ പംകുകൊണ്ടു. അടുത്തുള്ള വിദ്യാലയത്തിലെ അധ്യാപകൻ കുട്ടികളോടു കൂടിവന്നു. കമാണ്ടറുടെ പ്രസംഗം ചെറുതായിരുന്നു

“നമ്മോടുകൂടി യുദ്ധത്തിൽ പങ്കെടുത്ത സഖാക്കളെ നാം സംസ്കരിക്കുകയാണു്. ശത്രുവിനു എണ്ണവും ആയുധങ്ങളും വളരെ കൂടുതലുണ്ടായിരുന്നിട്ടും ഈ സമരത്തിൽ നാമാണു് വിജയികളായതു്. ശത്രുവിനു ടോമിതോക്കുകളും, മെഷീൻതോക്കുകളും, കൈബോമ്പുകളും, ടാങ്കുകളും വിമാനങ്ങളുംഉണ്ടായിരുന്നു. പക്ഷെ നാം നീതിക്കും ദിവ്യമായ നമ്മുടെ ലക്ഷ്യത്തിനും സോവിയറ്റു ജനതയ്ക്കും വേണ്ടി സമരം ചെയ്തതുകൊണ്ടു് നാം വിജയികളായി. സ്വാതന്ത്ര്യത്തിനും അഭിമാനത്തിനുംവേണ്ടി, ജനങ്ങളുടെ സ്വാതന്ത്ര്യത്തിനുവേണ്ടി നമ്മുടെ സഖാക്കൾ സെറിബ്രിയാക്കോവ് കൊനോവാലോവ് ക്ലെവറ്റ്സോവ് എന്നിവർ അവരുടെ ജീവൻ ബലിയർപ്പിച്ചു. അവരുടെ യശസ്സും സ്മരണയുംഅനശ്വരമായിരിക്കും ശത്രുവിനോ പ്രതികാരവും മരണവും അവരെ കാത്തിരിക്കുന്നു കുട്ടികളേ,” നിക്കുലിൻ അവരുടെ നേരെ തിരിഞ്ഞു, “നിങ്ങൾ വളർന്നുവരുമ്പോൾ ശവക്കുഴിക്കു മുകളിൽ ഒരു നല്ല സ്മാരകസ്തംഭം പണിയുണം. അവർ നിങ്ങളുടെ സുഖത്തിനും ഭാവിക്കും വേണ്ടിയാണു് മരിച്ചതു്.

അദ്ദേഹം ഓരോ ശരീരത്തേയും സമീപിച്ചു, അവരുടെ തൊപ്പികൾ മാറിടത്തിൽവച്ചു.

“ശവക്കുഴി മണ്ണിട്ടു നിറയ്ക്കുക” അദ്ദേഹം ആജ്ഞാപിച്ചു.

മൺകട്ടകൾ ഒന്നൊന്നായി ശവപെട്ടികളുടെമേൽ വീണു. കുഴിനിറഞ്ഞു. മണ്ണു് ഒരുകുന്നായികൂടി. അവർ സ്മാരകശില അതിനുമുകളിൽ പ്രതിഷ്ഠിച്ചു. പിന്നീടു് മൂന്നുവട്ടം ആകാശത്തിലേക്കു വെടിവച്ചു.

അവിടെനിന്നു അവർ അടുത്ത റെയിൽവേ സ്റ്റേഷനിലേക്കു നടന്നു. ഭയാനകമായ പല ശ്രുതികളും കേട്ടിരുന്നതുകൊണ്ടു് നിക്കുലിൻ തിടുക്കപ്പെട്ടു. വീട്ടുസാമാനങ്ങൾ കയറ്റിയ വണ്ടികൾ റോഡിൽകൂടി പൊയ്ക്കൊണ്ടിരുന്നു. കുതിരകളും, കാളകളും, ചിലപ്പോൾ പശുക്കളുമാണു് അവയെ വലിച്ചിരുന്നതു്. അവർ കടന്നുപോയ ഗ്രാമങ്ങളിൽ ജനലുകളും വാതിലുകളും പലകവെച്ചു് അടച്ചിരുന്നതായി കണ്ടു. ഈ നിരാശാവഹമായ ചിത്രത്തിന്റെ അർത്ഥം നിക്കുലിനു മനസ്സിലായി; ശത്രു സമീപത്തു് എത്തിയിട്ടുണ്ടെന്നു്.

“ഒരു കാര്യം എന്നെ വല്ലാതെ വിഷമിപ്പിക്കുന്നു.”, നിക്കുലിൻ ഫോമിച്ചോവിനോടു പറഞ്ഞു. അപാരച്യൂട്ടുഭടന്മാരുടെ കാര്യം എനിക്കിപ്പോഴും സംശയമാണു്. വെറുതെ അട്ടിമറിപ്രവർത്തനത്തിനു വന്നവരാണെങ്കിൽ ടാങ്കുകളെന്തിനാണു്. അവർ നമ്മുടെ മുന്നണിയിൽ ഒരു വിടവുണ്ടാക്കാൻ ശ്രമിക്കുകയാണെന്നാണു എനിക്കു തോന്നുന്നതു്.”

“ഞാനും അതുതന്നെയാലോചിക്കുകയായിരുന്നു. ഫോമിച്ചോവ് സമ്മതിച്ചു. അവർ ടാങ്കുകൾ കൊണ്ടുവന്നതു വെറുതെയല്ല.

പിന്നെന്തിനായിരിക്കാം?

ആട്ടെ നമുക്കു് ആലോചിക്കാം. മുന്നണി ഇവിടെനിന്നു വളരെ ദൂരത്തിലാണോ

അതെവിടെയാണെന്നു ചെ

---

പ്രതീക്ഷിക്കുക

ഇടപ്പള്ളിയെപ്പറ്റി

**സ്മരണകൾ**

ശ്രീ ചങ്ങമ്പുഴ

---

കുത്താനു മാത്രമേ അറിയൂ. ചിലപ്പോൾ 100 കിലോമീറ്റർ അകലെയായിരിക്കാം ചിലപ്പോൾ 30-തും.

മുപ്പതാണു് കുറേക്കൂടി ശരിയെന്നാണു് എനിക്കു തോന്നുന്നതു്, ഫോമിച്ചോവ് പറഞ്ഞു. കൊക്കയിൽ കണ്ട റേഡിയോ പ്രക്ഷേപിണികൾ പരിശോധിച്ചോ? ഇല്ല! ആ. എനിക്കു് അതു കുറച്ചൊക്കെ അറിയാം. അവ രണ്ടും ചെറിയ ദൂരം വർത്തമാനങ്ങൾ അയയ്ക്കുന്നതിനുള്ളവയാണു്. ഇരുപത്തഞ്ചോ മുപ്പതോ കിലോമീറ്റർ മാത്രം. ഇപ്പോൾ വല്ല സംശയവും തോന്നുന്നുണ്ടോ?

ഒരു ചിരിയോടുകൂടി ഫോമിച്ചോവു തുടർന്നു, നാം ജർമ്മൻകാരന്റെ വായിലേക്കു നേരേ നടന്നു കയറിയാൽ ബഹുരസമായിരിക്കും.”

അങ്ങനെയൊന്നും സംഭവിക്കാൻ പോകുന്നില്ല; നിക്കുലിൻ പറഞ്ഞു. നമ്മെ ചവച്ചുതിന്നാൻ മാത്രം മൂർച്ച അവന്റെ പല്ലിനില്ല. നാം റെയിൽവേ സ്റ്റേഷനിൽ എത്തുമ്പോൾ വിവരങ്ങളെല്ലാം അറിയാം. ഹെഡ്ക്വാർട്ടേഴ്സിലേക്കു് കമ്പിയടിച്ചു ചോദിക്കണം.

രണ്ടു ദിവസമായി തീവണ്ടികൾ ഒന്നും വന്നിട്ടില്ലെന്നു്, കൂട്ടുകൃഷിസ്ഥലത്തെ കൃഷിക്കാർ പറഞ്ഞു. ഫോമിച്ചോവ് ഓർമ്മപ്പെടുത്തി.

(തുടരും)

(12-ാംപേജിൽ നിന്നും)
സ്വാതന്ത്ര്യപ്രസ്ഥാനത്തിന്റെ യഥാത്ഥ ശത്രുക്കാം ആരെന്ന് ഇതുവരെ മനസ്സിലാക്കാൻ കഴിഞ്ഞിട്ടില്ലെന്നാണ് ഇതിനത്ഥം. കൂടാതെ ശ്രീ: പി.റ്റി. പുന്നൂസ്, കെ.സി. ജോർജ്ജ്; എം.എൻ. ഗോവിന്ദൻനായർ മുതലായ പ്രവത്തകരുടെ മാതൃരാജ്യം റഷ്യയാണെന്നും അവർ സാമ്രാജ്യത്വത്തോടു സന്ധിചെയ്യുന്നും പറഞ്ഞാൽ അവ തിരുവിതാംകൂറിൽ ആരുടെയിടയിൽ "വിലപ്പോക"മെന്നാണ് അദ്ദേഹം വ്യാമോഹിക്കുന്നത്.

പ്രാഥമികവിദ്യാഭ്യാസം.

ഈ പ്രശ്നത്തെ പററി ശ്രീ: നാരായണപിള്ളയുടെ വാദവും "ലിഖിതപ്പെടുത്തിയിട്ടുള്ള" പ്രമേയം ഒരുമിച്ചു ഉദ്ധരിച്ചുകൊള്ളുന്നു. അവ വിരുദ്ധമാണോ അല്ലയോ എന്ന് പൊതുജനങ്ങൾ തീരുമാനിച്ചുകൊള്ളട്ടെ.

"പ്രൈവററു് വിദ്യാലയങ്ങളേറെറടുത്ത് നടത്തുവാൻ ഗവർമ്മെൻറുദ്യമിക്കുന്ന പക്ഷം അതിന് സ്റ്റേററ്കോൺഗ്രസ് എതിരല്ല."

ശ്രീ. നാരായണപിള്ള

"തിങ്ങളുടെ കുട്ടികൾക്ക് മൗതികറിദ്യാഭ്യാസം നൽക

---

അടുത്തതിൽ

## 'സന്തോഷിക്കുക'

(വിനോദം)

ലേഖകൻ,
കെ. ജെ. തോമസ്സ് ബി. ഏ.

---

ന്നതു് കഴിയുന്നതു തങ്ങളുടെ മാനേജ്മെൻറിൽ നടത്തുന്ന വിദ്യാലയങ്ങളിൽ വേണമെന്നുള്ള മതവിശ്വാസത്തോടുകൂടിയ സമുദായങ്ങൾക്ക് സ്വന്തം സ്കൂളുകൾ നടത്തുവാനുള്ള അവകാശം അനുവദിച്ചുകൊടുക്കേണ്ടതാകുന്നു."

സ്റ്റേററ്കോൺഗ്രസ്സ് പ്രമേയം

ഇതിൽ വെറും "ചില പരിഗണനകൾ" മാത്രമാണന്തർഭവിച്ചിരിക്കുന്നതെന്ന് ശ്രീ. നാരായണപിള്ള പറയുമോ.

ശ്രീ. നാരായണപിള്ള എന്റെ വാദം വിശകലനം ചെയ്തിട്ടുണ്ട്. പക്ഷെ ആദ്യം തന്നെ ഞാൻ പറഞ്ഞതു് അദ്ദേഹം മറന്നിരിക്കുന്നു; അഥവാ വിട്ടിരിക്കുന്നു. രാഷ്ട്രീയ പ്രശ്നങ്ങളെപ്പററിയുള്ള വിമർശനങ്ങൾ "അസംബന്ധവും അസത്യജടിലങ്ങളു"മായ വ്യക്തിവിദ്വേഷമായി കണ്ട് വിഭ്രമിക്കുന്ന നശിച്ച പാരമ്പര്യം ഇതുകൊണ്ട് അദ്ദേഹംഉദാഹരിച്ചിരിക്കുന്നു എന്ന് വ്യസനസമേതം പറയേണ്ടിയിരിക്കുന്നു.

വായനക്കാരോട് എനിക്കൊരപേക്ഷയുണ്ട്. എന്റെ ലേഖനവും ശ്രീ. നാരായണപിള്ളയുടെ മറുപടിയും കൂടി ഒരുമിച്ചു വായിച്ചുനോക്കണമെന്ന്.

# തൊഴിലാളിലോകം

റേഷൻകുട്ടണം

അലുപുരം ജൂൺ 25— അലുമിനിയം ഫാക്ടറി വക്കേഴ്സ് യൂണിയന്റെ ഒരു പൊതുയോഗം ഇന്നലെ വൈകുന്നേരം 5—15-ന് വൈസ് പ്രസിഡണ്ട് സ. കെ. സി. മാത്യു ബി. ഏ-യുടെ അദ്ധ്യക്ഷതയിൽ കൂടി. കമ്പനിയിൽ നിന്നു കൊടുത്തു വന്നിരുന്ന ഭക്ഷ്യധാന്യ റേഷൻ കുറച്ചിരിക്കുന്നതിൽ ഉള്ള പ്രതിഷേധം രേഖപ്പെടുത്തുകയും ഉടൻ തന്നെ ഫാക്ടറിതൊഴിലാളികൾക്ക് മുഴുവൻ റേഷനം അനുവദിച്ചു തരണമെന്ന് ഗവർമ്മെൻറിനോടാവശ്യപ്പെടുകയും ചെയ്തിരിക്കുന്നു.

പിരിച്ചു വിടൽ

അലുമിനിയം ഫാക്ടറിയിൽ നിന്നും അഞ്ചു് ക്ളാക്കന്മാരെ പിരിച്ചുവിട്ടിരിക്കുന്നു. അടുത്തു തന്നെ വലിയ തോതിൽ തൊഴിലാളികളെ പിരിച്ചുവിടുവാൻ ഇടയുണ്ടെന്നും അറിയുന്നു.

വക്കം മിഥുനം 15—ചിറയിൻ കീഴ്താലൂക്ക് കയർവക്കേഴ്സ് യൂണിയന്റെ ആക്ഷൻ കൗൺസിൽ കൂടി ഒരൊത്തുതീർപ്പിനുള്ള യൂണിയന്റെ സകല ശ്രമങ്ങളും വിഫലമായിരിക്കുന്നതിനാൽ പണിമുടക്കു നോട്ടീസ് കൊടുത്തിട്ടുള്ള 20 കയർ ഫാക്ടറികളിലും പണിമുടക്കണമെന്നു തീരുമാനിച്ച് ഇന്നു പകൽ 11 മണിക്ക് എല്ലാ ഫാക്ടറികളിലും പണിമുടക്കിയിരിക്കുന്നു.

ഹൂവരുടെ പരാക്രമം

(8-ാം പേജിൽനിന്നും തുടച്ചു)

ട്ടെർത്ഥിച്ചേക്കുമെന്ന് പാശ്ചാത്യർ സംശയിക്കുന്നു. ആ വിധത്തിലുള്ള സംഭവഗതികളെ നിയന്ത്രിച്ച് ആഗ്ലോ അമേരിക്കൻ ആധിപത്യം ലോകത്തിൽ സ്ഥാപിക്കുന്നതിന് ഭക്ഷണം എത്രമാത്രം ഉപകാരപ്രദമായിരിക്കുമെന്ന് കണ്ടുപിടിക്കേണ്ടതു് ഹൂവറുടെ ചുമതലയാണ്. ഇന്ത്യയിലെ രാഷ്ട്രീയ സംഭവവികാസങ്ങളും ഭക്ഷണപ്രശ്നവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. നമുക്കു ശക്തിയുണ്ടെങ്കിൽ നമുക്കു എവിടെ നിന്നെങ്കിലും ഭക്ഷണം കിട്ടും. അല്ലെങ്കിൽ ഹൂവറുടെ പദ്ധതി വിജയിക്കും.


FOR SALE

Timber:— In loge & scantlings,
Furniture:—Durable & up-to-date fashion.
Sanitary :—All kinds of Sanitary Materials

The Kottayam Timber Works
M. L. Road Kottayam.



ഡീലേഴ്സ് ബാങ്ക്

കോട്ടയം

സ്വർണ്ണം അംഗീകൃതങ്ങളായ കച്ചവടച്ചരക്കുകൾ മുതലായവയുടെ ഈടിന്മേൽ പണം കടം കൊടുക്കുക, ഫിക്സഡ് കറൻറ്, സേവിങ്സ് ഡിപ്പോസിററുകൾ സ്വീകരിക്കുക, മുതലായ എല്ലാവിധ ബാങ്കിംഗ് ഇടപാടുകളും മിതമായനിരക്കിൽ നടത്തപ്പെടുന്നതാണ്.

V. C. Lukose, Vettel
Sole Propritor



'തകഴി' യുടെ

മുഴുവൻ കൃതികളും

കേരളത്തിലെ അദ്വിതീയ കാഥികനായ 'തകഴി'യുടെ മുഴുവൻ കഥകളും ശേഖരിക്കണമെന്നുള്ളവർ ഉടനെ വിവരത്തിനെഴുതുക. അദ്ദേഹം ഇതുവരെ പ്രസിദ്ധംചെയ്തിട്ടുള്ള 12 ഗ്രന്ഥങ്ങളും ഇവിടെ വിൽപ്പാനുണ്ട്. മൊത്തംവില 15 രൂപാ. കിട്ടിയിട്ടുള്ളവ നീക്കിയുള്ളവയാണാവശ്യമെങ്കിൽ അങ്ങനെയും അയച്ചുതരും. 10 കഥകൾവീതമുള്ള 15 പുസ്തകങ്ങൾധൃതിയിൽ തയാറാകുന്നു. കാലേക്കൂട്ടി ഓർഡറുകൾ അയയ്ക്കുക.

ബി.കെ.എം.പ്രസ്സ്, ആലപ്പുഴ.


## വിനോദത്തിൽ കൂടി വിത്തവും

ഒരുത്തരത്തിന് 8ണ. മാത്രം.

(S. K. V. പദപ്രശ്നം No. 12.)

| | | | | |
|---|---|---|---|---|
| 1 മാ | | | 2 | 3 വി |
| | | 4 | | |
| | 5 | ഷ | ണം | |
| 6 | | ഭം | | 7 പൂ |
| ലം | 8 | | 9 | |

വലത്തോട്ട്:—(1) മുപ്പതുദിവസം കൂടിയതു്. (2) കാവ്യം രചിക്കുന്നയാൾ. (5) ഇതൊരു ദുഷ്കൃത്യമാണ്. (8) ഇടത്തോട്ടു വായിച്ചാൽ ഇതിൽനിന്ന് എണ്ണയെടുക്കാം. (9)വസ്ത്രം ശുചിയാക്കുന്നതിന് ഇതുപകരിക്കും.

കീഴ്പോട്ട്:—(1) ഇതു കഴുത്തിൽ ധരിക്കാം. (3) ഇതുള്ളവനെ ആരും ബഹുമാനിക്കും. (4) കാള. (6) വർഷകാലത്തു ചില പുഴകൾ ഇതു കവിഞ്ഞൊഴുകാറുണ്ട്. (7) ഒരു നക്ഷത്രം.

സീൽവെച്ച "സഹകരണസംഘം" ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ഉത്തരത്തിനനുസരിച്ചു പൂരിപ്പിക്കുന്ന ആൾക്ക് 100ക യും, ഒരു പിഴവരുത്തുന്ന ആൾക്ക് 50 ക. യും, രണ്ടു പിഴവരുത്തുന്ന ആൾക്ക് 25 ക യും, സമ്മാനിക്കും. പ്രവേശനഫീസ് ഒരുത്തരത്തിനു 8 ണ. വീതം ഉത്തരത്തോടൊപ്പം മണിഓർഡറായോ, ഇൻഡ്യൻ പോസ്റ്റൽ ഓർഡറായോ 28-7-1946 വരെ സ്വീകരിക്കും. ഫലവും, വിജയികളുടെ പേരും 4-8-'46-ൽ പ്രസിദ്ധപ്പെടുത്തും. ഒരാൾക്ക് ഒന്നിലധികം സമ്മാനം ലഭിക്കുകയില്ല. ഒന്നിലധികംപേർ സമ്മാനാർഹരായാൽ സംഖ്യ സമം വീതിക്കും. മണിഓർഡർ രസീതും, ഫലം നേരിട്ടറിയണമെന്നുള്ളവർ സ്റ്റാമ്പും ഉത്തരത്തോടൊപ്പം അയക്കണം. 10—7—'46നു മുമ്പു കിട്ടുന്ന ആദ്യത്തെ ശരിയായ ഉത്തരത്തിന് 25ക. വിശേഷാൽ സമ്മാനിക്കും.

SECRETARY, S. K. V. N. S. Reading Room, Manjummel A. O. & P. O.

JACOB THOMAS MEMORIAL SAHRUDA
Date.........
MANNA

Reg. No. T. 66.

# PRASANNAKERALAM

License No. 390
Dated 15-6-1939.

## പട്ടത്തിന്റെ രാജിപ്രശ്നം

(ഒന്നാംപേജിൽ നിന്നും)

കാലദൈർഘ്യം

"മി. തോമസ്സോ അദ്ദേഹത്തിന്റെ രീതിയിൽ അയഞ്ഞു ചിന്തിക്കുന്നവരോ അല്ല താണുപിള്ളയെ പ്രസിഡണ്ടായി തിരഞ്ഞെടുത്തിട്ടുള്ളതു്." അല്ല സമ്മതിച്ചു. പക്ഷെ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സിൽ ഒരു വർഷത്തെ പ്രസിഡണ്ടിനു് ഒരു ശേഷിക്കുറവും ആരോപിക്കാതെ തന്നെ പുതിയ പ്രസിഡണ്ടന്മാർ വരുന്നുണ്ടു് എന്ന വാദത്തിനു് ഈ മറുപടി ഉത്തരമാകുമോ?" ഇവനാരാണു് ഇതൊക്കെ പറയാൻ, എന്നതാണു് ഈ ഉത്തരത്തിൽ അന്തർഭവിച്ചിരിക്കുന്ന ഭാവം. "മൂഢന്മാരും, വിദ്യാവിഹീനരും, അടിമബുദ്ധികളുമായ ഒരു സംഘം കോമാളികളുടെ സംഘടനയല്ല സ്റ്റേറ്റുകോൺഗ്രസ്സ്." (അങ്ങിനെയുള്ള സംഘടനയേതാണാവോ?) ഇതിനാണു് തറവാട്ടഹംകാരം എന്നു പറയുന്നതു്. സാധാരണക്കാർക്കു ഈ വക കാര്യങ്ങളിൽ കാര്യമൊന്നുമില്ലെന്നു് ശ്രീ നാരായണപിള്ള പറയുമോ. അവരും ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. ഒരു തോമസ്സല്ല ഒരായിരം തോമസ്സുകൾ ചിന്തിച്ചു തുടങ്ങിയിരിക്കുന്നു. നേതാക്കന്മാർ ഉരുട്ടി തരുന്ന ഗുളികകൾ അപ്പടി വിഴുങ്ങുവാൻ അവർ സന്നദ്ധരല്ല. അവർ തെററിയെന്നു് വരാം. പക്ഷേ അവരുടെ സ്വാതന്ത്ര്യചിന്തയെ പാരമ്പര്യത്തിന്റെയും, അധികാരത്തിന്റെയും "മുഷ്ടി" കൊണ്ടു് അടിച്ചമർത്തി അവർ വിളമ്പിക്കൊടുക്കുന്ന ശരിയെക്കാൾ അവരിന്നിഷ്ടപ്പെടുന്നതു് അവരുടെ സ്വന്തം തെററിനെയാണു്. "ആരെടാ നീ ചോദിക്കാൻ" എന്ന ഫ്യൂഡലിസ്റ്റ് പ്രഭുവിന്റെ മനോഭാവം ഇനിയെങ്കിലും മാററുക. അല്ലെങ്കിൽ ഒടിയുന്നതു് വാലായിരിക്കുകയില്ല; ഗദയായിരിക്കും.

ശ്രീ നാരായണപിള്ള പറയുന്നു, ജനാധിപത്യതത്വങ്ങൾക്കനുസരിച്ചു് ശ്രീ പട്ടത്തിനെ ആ സ്ഥാനത്തു നിന്നു് നീക്കം ചെയ്യണമെന്നു്. നടപടിയെപ്പററിയുള്ള ആ ഉപദേശം ശരിയാണു്. പക്ഷേ ഒരു വിമർശനത്തിനു് ഇത്ര പ്രകോപനശക്തിയുണ്ടെങ്കിൽ ആ നടപടി പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിച്ചാലത്തെ സ്ഥിതി ആലോചിക്കുവാൻതന്നെ ഭയമായിരിക്കുന്നു.

"സഖാവു് സ്റ്റാലിനെ സിംഹാസനത്തിൽ നിന്നു ഇറക്കിവിടുവാൻ" ശ്രീ നാരായണപിള്ള ഉപദേശിക്കുന്നതു് കേട്ടാൽ തോന്നും, തിരുവിതാംകൂർ സ്റ്റേറ്റുകോൺഗ്രസ് [പ്രസിഡണ്ടു് തിരഞ്ഞെടുപ്പു് സ്റ്റാലിന്റെ തിരഞ്ഞെടുപ്പിന്റെ ഗതിയനുസരിച്ചു് തീരുമാനിക്കപ്പെടേണ്ട ഒന്നാണെന്നും, സ്റ്റാലിൻ മാറാതിരുന്നാൽ ഇവിടെയും, പ്രസിഡണ്ടു് വാശി പിടിച്ചു് അങ്ങു് മാറാതെ ഇരുന്നുകളയുമെന്നുമൊക്കെ. സ്റ്റാലിനും ഈ പ്രശ്നവും തമ്മിൽ ബന്ധമൊന്നുമില്ല. സ്റ്റാലിനെ പിരിച്ചയക്കുകയോ പുകഴ്ത്തുകയോ ശ്രീ നാരായണപിള്ള യഥേഷ്ടം ചെയ്യട്ടെ. ഇവിടെ അതു് അസ്ഥാനത്താണെന്നു മാത്രം.

തെരഞ്ഞെടുപ്പുകൾ

പ്രസിഡണ്ടല്ല, പ്രവർത്തകസമിതിയാണു് പരാതികൾ തീരുമാനിക്കുന്നതെന്നു് ശ്രീ നാരായണപിള്ള പറയുന്നു. വർക്കിംഗ് കമ്മററിയുടെ ഒരു അംഗം എന്ന നിലയ്ക്കുള്ള ഉത്തരവാദിത്വമെങ്കിലും ശ്രീ താണുപിള്ളയ്ക്കുണ്ടല്ലോ. തീരുമാനം അന്യായമായിരുന്നോ എന്നതിനു് ഞാൻ മറുപടി പറയുന്നില്ല. തിരുവിതാംകൂറിൽ അതിനു് ആവശ്യമില്ല. പരാതിക്കാർ ഒളിച്ചോടി എന്നതിനെ പററിയാണെങ്കിൽ കമ്യൂണിസ്റ്റുകാരുടെ പ്രതിനിധികളും, പ്രസിഡണ്ടുമായി എന്തെങ്കിലും അഭിമുഖസംഭാഷണത്തിനുശേഷമാണോ അവർ രാജിവച്ചതെന്നു് ശ്രീ നാരായണപിള്ളയ്ക്കറിവുണ്ടല്ലോ. സംഭാഷണങ്ങൾക്കു് രേഖയില്ലെന്നുള്ള ബോദ്ധ്യമാണോ "ഭീരുത്വം, അസത്യം, അസഭ്യം, ജുഗുപ്സ" മുതലായവ പ്രയോഗിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കുന്നതു്.

ആലപ്പുഴപ്രസംഗം

ആലപ്പുഴ കമ്യൂണിസ്റ്റ്സാമ്രാജ്യമല്ല. അവിടെ ചെന്നു് കമ്യൂണിസ്റ്റ്കാരെ എതിർക്കുന്നതിലും തെററില്ല. പക്ഷേ അങ്ങിനെയുള്ള സന്ദർഭത്തിൽ തൊഴിലാളികൾ ക്ഷോഭിച്ചു് തെററു ചെയ്താൽ അതിന്റെ ഉത്തരവാദിത്വം ഈ ബാലിശമായ "ധീരത" കാണിച്ചവർക്കുമുണ്ടെന്നു മാത്രമാണു് ഞാൻ പറഞ്ഞതു്. അവരുടെ തെററിനെ ഞാൻ നീതീകരിച്ചില്ല. ആരും നീതീകരിച്ചിട്ടുമില്ല. പക്ഷേ ലേഖകൻ എന്റെ ആ അഭിപ്രായത്തിനു് മറുപടി പറഞ്ഞതിൽനിന്നു് തൊഴിലാളിവർഗ്ഗത്തോടുള്ള അദ്ദേഹത്തിന്റെ മനോഭാവം വ്യക്തമാകുന്നുണ്ടു്.

"മാന്യതയും പുരുഷത്വവും ഉള്ള തൊഴിലാളികൾ ധാരാളമുണ്ടു്" എന്നു് അദ്ദേഹം പറയുന്നു. അതേ ഖണ്ഡികയിൽ തന്നെ തൊഴിലാളികളുടെ കൂക്കുവിളിയും ചട്ടമ്പിത്തരങ്ങളും ആലപ്പുഴ മാത്രമാണു്. ആലപ്പുഴയ്ക്കു പുറത്തു് അവർ ആട്ടിൻകുട്ടികളെപ്പോലെ ശാന്തന്മാരാണെന്നു പറയുന്നു. ചുരുക്കത്തിൽ "ആലപ്പുഴ വിട്ടു് പുറത്തുവരൂ, കാട്ടിത്തരാം!" എന്നർത്ഥം. ശ്രീമാൻ നാരായണപിള്ളയവർകളേ, നിങ്ങളും നിങ്ങളുടെ നേതൃമാന്യന്മാരും ചെയ്തതായി നിരന്തരമാവർത്തിച്ചു് സ്വയം സംതൃപ്തിയടയുന്ന ത്യാഗങ്ങൾ, തൊഴിലാളിവർഗ്ഗം നാടിനും നാട്ടാർക്കുംവേണ്ടി ചിന്തിയ രക്ത സമുദ്രത്തിന്റെ മുമ്പിൽ അഗണ്യകണികകൾ മാത്രമാണെന്നു് ഇനിയെങ്കിലും മനസ്സിലാക്കുക. 1114-ലെ സമരത്തിൽ ഇൻഡ്യയിലെ ആദ്യത്തെ രാഷ്ട്രീയ പണിമുടക്കം നടത്തിയ ആലപ്പുഴ തൊഴിലാളിവർഗ്ഗം; മംഗളപത്രവും, പ്രസംഗവേദിയും, ഏകാന്തതടവും ഇല്ലാതെ അജ്ഞാതഭടന്മാരായി, വെടിയുണ്ടകൾക്കു് മുമ്പിൽ, വാക്കുകൾ കൊണ്ടല്ല, പ്രവർത്തികൊണ്ടു് യഥാർത്ഥത്തിൽ, മാറു കാണിച്ച ആലപ്പുഴ തൊഴിലാളിവർഗ്ഗം; ഇന്നു നിങ്ങൾക്കു്, ചട്ടമ്പികളായി, കൂക്കുവിളിക്കാരായി. നിങ്ങളുടെ നീതിബോധം ഇതുകൊണ്ടു് ചോദ്യം ചെയ്യപ്പെടുന്നില്ലായിരിക്കാം. എങ്കിലും ഇതു് ജനാധിപത്യത്തെപ്പററി നിങ്ങളുടെ ജ്ഞാനത്തിനൊരു ഭൂഷണമല്ല.

നാട്ടുരാജ്യപ്രശ്നം

ആരോ ഒക്കെ 1942-ൽ ബ്രിട്ടീഷ്സാമ്രാജ്യവുമായി സന്ധി ചെയ്തെന്നും ലീഗിന്റെ വാലിൽ തൂങ്ങിയെന്നും പറയുന്നതു് ശ്രീ പട്ടം നാട്ടുരാജ്യപ്രശ്നത്തിൽ നേതൃത്വം നൽകുന്നില്ലെന്ന ആരോപണത്തിനു് മറുപടിയല്ല. നൂതനമായ നേതൃത്വം നൽകണമെന്നു് ശ്രീ നാരായണപിള്ള ആവശ്യപ്പെടുന്നു. പക്ഷെ ഇന്നത്തെ നയമെന്താണെന്നു് അദ്ദേഹവും വിശദീകരിച്ചുകാണുന്നില്ല. ഇൻഡ്യൻനാഷനൽ കോൺഗ്രസ്സിനെ അക്ഷരംപ്രതി പകർത്താനാണെങ്കിൽ ഇവിടെ ഒരു പ്രത്യേക സംഘടനയുടെ ആവശ്യമേയില്ലല്ലോ. ബ്രിട്ടീഷ്ഇൻഡ്യയുടെയും നാട്ടുരാജ്യങ്ങളുടെയും നില ഭിന്നമാണു്. നാട്ടുരാജ്യങ്ങൾക്കു് പ്രത്യേകം പ്രശ്നങ്ങൾ ഉണ്ടു്. വിദ്യാഭ്യാസപ്രശ്നം, ഭക്ഷണപ്രശ്നം, വർഗ്ഗീയപ്രശ്നം, സാമ്പത്തികപ്രശ്നം തൊഴിലാളി മുതലാളിബന്ധം അങ്ങിനെയെത്രയെത്ര. അതിലെല്ലാം ബ്രിട്ടീഷ് ഇൻഡ്യയെ അനുകരിക്കുന്നതെങ്ങിനെയാണു്. അവിടെ കോൺഗ്രസ് ഭരണം നടത്തുന്നു. ഇവിടെയോ ഇവിടെ പ്രത്യേകമായിട്ടൊരു നയവും പരിപാടിയും ആവശ്യമാണു്. അതു ഇവിടെ നടക്കുന്നുണ്ടെന്നു് ശ്രീ നാരായണപിള്ള വിചാരിക്കുന്നുണ്ടെങ്കിൽ തെരഞ്ഞെടുപ്പിനുശേഷം കോൺഗ്രസ്സ് നേതൃത്വമെടുത്തു പ്രവർത്തിച്ചു ഒരു പ്രസ്ഥാനം അദ്ദേഹം ചൂണ്ടിക്കാണിക്കേണ്ടതാണു്. പക്ഷെ അതിനു് വർദ്ധായിലും അലഹബാദിലും മാത്രം വിശ്വാസമുണ്ടായാൽപോരാ സ്വന്തം നാട്ടുകാരിൽ വിശ്വാസമുണ്ടായിരിക്കണം. നാട്ടുരാജ്യപ്രജകളുടെ വിഘടിതമായ പ്രക്ഷോഭണങ്ങൾമൂലമല്ല, പിന്നെയോ ഇൻഡ്യൻനാഷനൽ കോൺഗ്രസ്സിന്റെ കരുത്തേറിയ പ്രവർത്തനങ്ങൾ മൂലമാണു് നമ്മുടെ സ്വാതന്ത്ര്യം ലഭ്യമാകുന്നതു് എന്നും ഉദ്ദേശിക്കണ്ട. സ്വാതന്ത്ര്യം ആരും വാങ്ങിഅയച്ചുതരികയില്ല. അതു് അനുഭവിക്കേണ്ട ജനതതന്നെ സമരം ചെയ്തു സമ്പാദിക്കണം. അതിനുവേണ്ടി അവർ ചെയ്തിട്ടുള്ള സമരത്തെ കാണുവാൻ കണ്ണുണ്ടാകണം.

കോൺഗ്രസ്സിന്റെ കൂടെനിന്നു് സമരംചെയ്തിരുന്നെങ്കിൽ കാബിനററു് മിഷൻനാട്ടുരാജ്യങ്ങളെ അവഗണിക്കുകയില്ലായിരുന്നുവെന്നു് അദ്ദേഹം പറയുന്നു. കാബിനററു് മിഷൻ കോൺഗ്രസ്സിനെ ബഹുമാനിച്ചതിന്റെ യാഥാർത്ഥ്യം തെളിഞ്ഞുകഴിഞ്ഞുവല്ലോ. നാട്ടുരാജ്യങ്ങൾ കോൺഗ്രസ്സിനോടു് ചേർന്നുനിന്നു് സമരം നടത്തിയില്ലെന്നു് പരാതിപറയുന്ന ലേഖകൻതന്നെയാണു് അടുത്ത ഖണ്ഡികയിൽ 1942-ൽ തിരുവിതാംകൂറിൽനടന്ന കാര്യങ്ങൾ അദ്ദേഹമറിഞ്ഞിരിക്കുകയില്ല എന്നു്പറയുന്നതു്. 1942ൽപോലും സമരംചെയ്തെങ്കിൽ പിന്നെ എന്തു ചെയ്തില്ലെന്നാണു് പരാതി. ചെയ്തെങ്കിൽ പിന്നെ ഇൻഡ്യൻ നാഷനൽ കോൺഗ്രസ്സുപോലും നാട്ടുരാജ്യങ്ങളുടെ കാര്യത്തിൽ കൂടുതൽ താല്പര്യം പ്രകടിപ്പിക്കുമായിരുന്നുവെന്നുപറയുന്നതിൽ അർത്ഥമെന്താണു്.

അഖിലഭാരത നാട്ടുരാജ്യപ്രജാസമ്മേളനമെന്നും മററും വലിയ വാക്കുകൾ ഉപയോഗിച്ചതുകൊണ്ടു് പ്രയോജനമില്ല. ആ സംഘടന ബലപ്പെടുത്തുന്നതു് ജയപൂരും, ഉദയപൂരുമല്ല, ഇടപ്പള്ളിയിലും, കൂത്താട്ടുകുളത്തുമാണു്

കമ്യൂണിസ്റ്റു് വിരോധം.

1942-ൽ നടന്ന വീരകൃത്യങ്ങൾ അറിയാത്തതു് ഞാൻമാത്രമല്ല. തിരുവിതാംകൂറുകാർക്കു് മിക്കവാറും പേർക്കു് അറിവില്ല. ചില അറസ്റ്റുകൾ നടന്നതാണെങ്കിൽ കൂടുതൽ പേരും കമ്യൂണിസ്റ്റുകാരായിരുന്നുവെന്നാണെന്റെ ഓർമ്മ. അതു പോകട്ടെ. തിരുവിതാംകൂറിൽ കമ്യൂണിസ്റ്റു് വിരോധം ഒരു രാഷ്ട്രീയനയമായിരിക്കരുതെന്നാണു് എന്റെവാദം.

(ശേഷം 11-ാംപേജിൽ)

Printed at the Powra Dhwany Press, Kottayam and Published by Anjiliparampil Kumaran at Kottayam.